# Hello Hope
# ഹലോ ഹോപ്പ്
---Hope Harbour for Believers---

For Private circulation only

GULF EDITION

Issue No.10, January 2018 Published by: Phoenix Publishing House, Kerala, India | Licence# RNI No.KERMAL/2017/469833/ERN


# ശാശ്വത സമാധാനം




പാസ്റ്റർ പി.എം.ജോയി


**ഒരു പുതിയ വർഷത്തിലേക്ക് നാം പ്രവേശിച്ചിരിക്കുന്നു. എല്ലാവർക്കും നന്മ നിറഞ്ഞ, സമാധാനം സമൃദ്ധിയായി അനുഭവിക്കുന്ന 2018 ആശംസിക്കുന്നു. ലോക മനുഷ്യരും പിശാചും നമുക്കെതിരെ കൊണ്ടുവരുന്ന എല്ലാപരിശോധനയിലും കൊടുങ്കാറ്റിലും പതറാതെ ദിവ്യസമാധാനത്തിൽ നിലനിൽപ്പാൻ കർത്താവ് സഹായിക്കട്ടെ!**

2017 ന്റെ ആരംഭം മുതൽ അവസാനംവരേയും ദൈവം തന്റെ കരങ്ങളിൽ നമ്മെ വഹിച്ചു നിലനിർത്തി. ലോകം ഇപ്പോൾ എത്തിനിൽക്കുന്നതു അനിശ്ചിതത്വവും നിരാശയും അസമാധാനവും നിറഞ്ഞ അവസ്ഥയിലാണ്. നമ്മുടെ ചുറ്റുപാടും നടന്ന പല അനിഷ്ട സംഭവങ്ങളും നാം കാണുകയും കേൾക്കുകയും ചെയ്തു. ക്രിസ്തുവിനു പകരം സ്ഥാനാപതികളായി ഈ പരദേശത്തു ദൈവം നൽകിയ കൃപക്കനുസരിച്ച് തന്റെ സാക്ഷികളായി ജീവിക്കുവാൻ കൃപ നൽകി.

നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ് രണ്ടു പ്രത്യേക ശുശ്രൂഷകൾ പത്രോസ് അപ്പൊസ്തലന് നൽകുന്നത് നമുക്ക് സുവിശേഷങ്ങളിൽ വായിക്കുവാൻ കഴിയുന്നു.

*1. സഹോദന്മാരെ ഉറപ്പിക്കുക - ലൂക്കോ.22:32*

*2. കർത്താവിന്റെ കുഞ്ഞാടുകളേയും ആടുകളേയും മേയിക്കുക - യോഹ.21 :15-17*

ക്രിസ്ത്യാനിയായി വിശ്വാസത്തിനു വേണ്ടി കഷ്ടം സഹിക്കുന്ന ദൈവജനത്തെ ഉറപ്പിക്കുക എന്നതാണ് പത്രോസിന്റെ ലേഖനത്തിന്റെ ഉദ്ദേശം. ഉപസംഹാരമായി എഴുതിയിരിക്കുന്ന വാചകങ്ങളിൽ നിന്നും പരിശുദ്ധാത്മാവ് എന്നോടു സംസാരിച്ച ചില കാര്യങ്ങൾ കുറിക്കട്ടെ.

## 1. ദൈവസഭയുടെ പ്രവർത്തനങ്ങൾ എല്ലാം സംഘടിതമാണ് (Team Work)

പുതിയനിയമത്തിൽ ഇത് ഉടനീളം കാണുവാൻ കഴിയുന്നു. ഇവിടെ പത്രോസ് തന്റെ ലേഖനം ശീലാസിന് പറഞ്ഞുകൊടുത്തത് അവൻ എഴുതുകയും 1 പത്രോ.1:1-ൽ പറഞ്ഞിരിക്കുന്ന സ്ഥലങ്ങളിലേക്ക് കൊടുത്തു വിടുകയും ചെയ്തു. സിൽവാനോസ് (ശീലാസ്) വിശ്വസ്തനായിരുന്നു, ആദിമ സഭയിലെ ഒരു പ്രമാണിയായിരുന്നു(പ്രവൃ.15:22), ഒരു പ്രവാചകനായിരുന്നു (പ്രവൃ.15:32). കർത്താവിലുള്ള വിശ്വാസത്തിൽ എല്ലാ സാഹചര്യത്തിലും ഉറച്ച നിലപാട് ശീലാസ് പാലിച്ചിരുന്നു.മറ്റു പല ലേഖനങ്ങളിലും ശീലാസിനെക്കുറിച്ചുള്ള പരാമർശം കാണുവാൻ കഴിയും.

## 2. സഭയുടെ പ്രവർത്തനം കൃപയുടെ ശുശ്രൂഷയാണ്:-

ദൈവകൃപയാൽ നാം പ്രാപിച്ച ആത്മീയ അനുഗ്രഹങ്ങൾ പത്രോസ് ഈ ലേഖനത്തിൽ വിവരിക്കുന്നു.

*ഒരു ഉത്തമ അവകാശത്തിനായി വീണ്ടും ജനിപ്പിച്ചു (1:3-5)*

*പഴയനിയമ പ്രവാചകന്മാർ പ്രവചിച്ചതും നമുക്കു ലഭിച്ചതുമായ കൃപയാലുള്ള രക്ഷ (1:9)*

*ദൈവകൃപയാൽ നമുക്ക് ലഭിച്ച വീണ്ടെടുപ്പ് (1:18,19)*

*കൃപയാൽ, ദൈവവചനത്താൽ നിലനിൽക്കുന്ന നമ്മുടെ വീണ്ടും ജനനം (1:23)*

*കൃപയാൽ നാം പ്രത്യേക ജനമായി തിരഞ്ഞെടുക്കപ്പെട്ടു (2:9)*

*തക്കസമയത്തു നമ്മെ ഉയർത്തുന്ന ദൈവകൃപ (5:4-6)*

*നിത്യതേജസ്സിനായി നമ്മെ ഉറപ്പിച്ചു ശക്തീകരിച്ചു നിലനിർത്തുന്ന ദൈവകൃപ (5:10).*

അതുകൊണ്ട് പ്രിയമുള്ളവരെ സഭയുടെ പ്രവർത്തനം വിജയമായി നടത്തുവാൻ നമ്മെ ബലപ്പെടുത്തുന്നതും ശക്തീകരിക്കുന്നതും ദൈവകൃപയാൽ നമ്മിൽ പകർന്നുതരുന്ന ആത്മാവിന്റെ അഭിഷേകത്താലും കൃപാവരങ്ങളാലുമാണ്. ആ കൃപയാൽ നാം ശക്തിപ്പെട്ടാൽ കർത്താവിനുവേണ്ടി അധികം പ്രയോജനപ്പെടും.


.....ശേഷം 11 -ാം പേജിൽ


# ദൈവീക സന്ദേശങ്ങൾ നിറയുന്ന ഗാനങ്ങളുമായി...

# ഗ്രഹാം വർഗീസ്

ക്രിസ്തീയഗാനശാഖയ്ക്ക് അതിന്റേതായ തനിമയുണ്ട്. ആ തനിമ നിലനിർത്തി, അതനുസരിച്ചു മാത്രം ഗാനങ്ങൾ രചിക്കുകയും ഈണങ്ങൾ നൽകുകയും ചെയ്യുന്ന ചുരുക്കം ചിലരിൽ ഒരാളാണ് ബ്രദർ ഗ്രഹാം വർഗ്ഗീസ്. ദൂരെ നിന്ന് കേട്ടാലും അതൊരു ക്രിസ്തീയ ഗാനമാണെന്ന് മനസിലാകത്തക്കവിധത്തിലാണ് എല്ലാ ഗാനങ്ങളും അദ്ദേഹം രചിക്കയും ഈണം പകരുകയും ചെയ്തിരിക്കുന്നത്. കല്ലിശ്ശേരി കിഴക്കേതേക്കാട്ടിൽ എന്ന ഭവനത്തിൽ ജനിച്ചു. വേർപ്പെട്ട ഒരു കുടുംബത്തിൽ ജനിച്ച വ്യക്തി എന്ന നിലയിൽ കർത്താവിനെ അറിഞ്ഞ് ജീവിക്കുവാൻ ഇടയായി. എന്നാൽ പൂർണ്ണമായി സമർപ്പിക്കപ്പെട്ടത് ദൈവത്തിന് തന്നെ ആവശ്യമുണ്ടെന്നുള്ള ബോധ്യം വന്നപ്പോഴായിരുന്നു.




പലപ്പോഴായി ദൈവം നൽകിയ സന്ദേശങ്ങളാണ് പാട്ടുകളായി പുറത്തു വന്നിട്ടുള്ളത്. അതുകൊണ്ട് ഗാനങ്ങൾ രചിക്കുമ്പോൾ ഊഹങ്ങളിൽ നിന്നോ അനുമാനങ്ങളിൽ നിന്നോ ആകാതെ ദൈവവചനത്തിന്റെ ആധികാരികതയിൽ നിന്നുകൊണ്ട് രചന നടത്തുവാൻ വളരെയധികം ശ്രദ്ധിക്കുന്ന ഒരു വ്യക്തിയാണ് ബ്രദർ ഗ്രഹാം വർഗീസ്.



ഇന്നയോളം എന്നെ നടത്തി ഇന്നയോളം എന്നെ പുലർത്തി എന്റെ യേശു എത്ര നല്ലവൻ അവൻ എന്നെന്നും മതിയായവൻ, നന്മ മാത്രമെ നന്മ മാത്രമെ നന്മയല്ലാതൊന്നും നീ ചെയ്കയില്ല, എന്നെ കരുതുന്ന വിധങ്ങളോർത്താൽ നന്ദിയാലുള്ളം നിറഞ്ഞീടുന്നേ, നന്ദിയല്ലാതൊന്നുമില്ല എന്റെ നാവിൽ ചൊല്ലിടുവാൻ, കൂടെയുണ്ടെൻ യേശു കൂടെയുണ്ട്, രാജാധി രാജനെ ദേവാധി ദേവനെ തുടങ്ങി 70 -ൽ പരം ഗാനങ്ങൾ രചിച്ചിട്ടുണ്ട്.


.....ശേഷം 14 -ാം പേജിൽ


**ക്രൈസ്തവകേരളം ഏറ്റുപാടി ദൈവസന്നിധിയിൽ ആശ്വാസം പ്രാപിക്കുന്ന നിരവധി അനുഗ്രഹിക്കപ്പെട്ട ഗാനങ്ങൾ ബ്രദർ ഗ്രഹാമിന്റെ തൂലികയിലൂടെ പിറവിയെടുത്തവയാണ്.**



# ഒരു പുതിയ തളിക

ആത്മീക ജീവിതത്തിൽ ഒരു പുതുക്കം ഇന്നത്തെ കാലത്ത് ഏറ്റവും അത്യാവശ്യമായി വന്നിരിക്കുകയാണ്. അത്തരം ഒരു പുതുക്കത്തിന് ദൈവത്തിന്റെ ആലോചനപ്രകാരമുള്ള ഒരു പുതിയ തളിക ആവശ്യമാണ്. ദൈവത്തിന് തന്നെതന്നെ നമ്മിലേക്ക് പകരുവാൻ കഴിയുന്ന പാത്രങ്ങളാകുന്നതിന് ഈ 2018 – ൽ ദൈവം നമ്മെ സഹായിക്കട്ടെ!

2 രാജാ. 2:19 – 22 വായിക്കുമ്പോൾ ഒരു പുതിയ തളിക കാണുവാൻ കഴിയും. അങ്ങനെയൊരു പുതിയ തളികയാകുവാൻ ഈ വർഷം നമ്മെക്കുറിച്ച് ദൈവം ആഗ്രഹിക്കുന്നു. മാളികമുറിയിൽ കൂടിയിരുന്ന 120 പേർ അത്തരമൊരു തളികകളെയാണ്. അങ്ങനെയുള്ള തളികകൾ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തരായിരിയ്ക്കും. ദൈവജനത്തെ നശിപ്പിക്കുവാൻ സാത്താൻ പദ്ധതിയൊരുക്കിയ സമയത്ത് ദൈവ പ്രവൃത്തിയുടെ തളികയാകാൻ എസ്ഥേറിനു നിയോഗമുണ്ടായി. അതിനാൽ അവൾക്ക് സ്വന്ത ജീവനേയും സ്വന്തജനത്തിന്റെ ജീവനേയും രക്ഷിക്കുവാൻ കഴിഞ്ഞു. ആ തളികയുടെ, വിളിയുടെ മഹത്വം എത്ര വലുതാണ്. ദാനിയേലും തന്റെ കൂട്ടുകാരും ഇതുപോലെതന്നെ ദൈവത്തിന്റെ തളികകളായവരാണ്. അടിമത്തത്തിൽ കഴിയുന്ന തങ്ങളുടെ രാജ്യത്തിന്റെ അവസ്ഥ ഹൃദയത്തിൽ സംഗ്രഹിച്ച്, യിസ്രായേലിന്റെ സകല പാപങ്ങളും ഓർത്ത് ദൈവസന്നിധിയിൽ മദ്ധ്യസ്ഥത ചെയ്തു. ആ തളികകൾ ജയശാ




ലികളായി മാറി, അവരുടെ അനുഭവങ്ങളും, വെളിപ്പാടുകളും, വിജയവും എല്ലാം ദൈവജനവുമായി ബന്ധം പുലർത്തുന്നതായിരുന്നു.

ഈ തളിക ഏതോ ഉന്നതവർഗ്ഗത്തിന്റേതല്ല. എല്ലാവരേയും സന്ദർശിക്കുവാൻ ദൈവം എപ്പോഴും ഒരു തളികയെ ഉപയോഗിക്കുകയാണ് ചെയ്യുന്നത്. മനുഷ്യരുടെ ആത്മീകമായ ഉദ്ധാരണത്തിനായി പ്രവർത്തിക്കുവാൻ തീയിൽ ശോധന കഴിച്ച തളികകളെ ദൈവത്തിന് ആവശ്യമുണ്ട്. അത്തരം വ്യക്തികൾ പൂർണ്ണമായും ദൈവത്തിൽ അടിസ്ഥാനപ്പെട്ടവരാകണം. ആത്മീകമായി വിലയില്ലാത്തവയെ നിരസിക്കുന്നവനാകണം ദൈവത്തിന്റെ മനുഷ്യൻ. അത്തരം ഒരു തളിക ആയിത്തീരുന്നതിന് വലിയ വില

തളികയായിരുന്നു. അവരിൽ കൂടി ഭൂമിയെ സ്പർശിക്കുവാൻ ദൈവത്തിന് കഴിഞ്ഞു. ആത്മീകമായി ഒറ്റപ്പെട്ട ഒരു പുതിയ വർഗ്ഗത്തെ സൃഷ്ടിച്ചെടുക്കുന്ന കാര്യമല്ല നാം ചിന്തിക്കുന്നത്. നവീകരണത്തിന്റെ ചരിത്രം പരിശോധിച്ചാൽ നവീകരണത്തിന് ഉപയോഗിക്കപ്പെട്ട തളികകൾ പൂർണ്ണമായി ദൈവത്തിന് തങ്ങളെത്തന്നെ സമർപ്പിക്കപ്പെട്ടവരായിരുന്നു. ഒരു പക്ഷേ അത് ചെറുതായിരിക്കാം. ഈ ലോകത്തിൽ ദൈവം എന്തെങ്കിലും പ്രവർത്തിക്കുകയോ നവീകരിക്കുകയോ ചെയ്യുമ്പോൾ അതിനായി ദൈവത്തിന് ഒരു പുതിയ തളികയെ ആവശ്യമുണ്ട്.

ദൈവം തന്റെ പ്രവൃത്തിക്കായി ഉപയോഗപ്പെടുത്തുന്നത് തീയിൽ ഊതിക്കഴിച്ച

## EDITORIAL



**രാജീവ് സ്റ്റുവർട്ട്**
ചീഫ് എഡിറ്റർ

കൊടുക്കേണ്ടതുണ്ട്. അങ്ങനെ ഒരു വില കൊടുക്കുന്നതിനെപ്പറ്റി യേശു എപ്പോഴും പറഞ്ഞിരുന്നു.

ഒന്നാമത് ദൈവത്തിന് തന്റെ ചിന്തയ്ക്ക് അനുരൂപമായ ചിന്തയുള്ള തളികകളെ ആവശ്യമുണ്ട്. എവിടയോ എന്തോ കുഴപ്പമുണ്ടെന്ന ചിന്തകൊണ്ടു മാത്രം നാം തൃപ്തിപ്പെടുന്നവർ ആകരുത്. ദൈവത്തിന്റെ ചിന്താഗതി തന്നെ നമ്മിലും ജനിക്കണം. ആത്മികമായി മറ്റുള്ളവർക്കു വേണ്ടി പോരാടുന്ന തളികകളായി നാം മാറണം. മറ്റുള്ളവർക്കുവേണ്ടി തകർക്കപ്പെടുന്ന തളികകളെയാണ് ദൈവം നോക്കുന്നത്. യുദ്ധത്തിൽ എല്ലായ്പ്പോഴും അങ്ങനെയാണ്. പ്രത്യേക ശിക്ഷണം ലഭിച്ച സൈന്യം മറ്റുള്ളവർക്കുവേണ്ടി യുദ്ധം ചെയ്യുന്നു. മറ്റുള്ളവർക്കുവേണ്ടി പോ രാടുന്ന ഒരു തളികയെ ദൈവത്തിന് ഇന്ന് ആവശ്യമുണ്ട്.

നാം ദൈവത്തെ വഹിക്കുന്ന തളികകളായി മാറുവാൻ വേണ്ടിയാണ് നാം ഇതുവരേയും കണ്ടിട്ടില്ലാത്ത ഒരു പുതിയ വർഷം കൂടി ദൈവം ദാനമായി നൽകിയത്. നമുക്ക് വേണ്ടിയുള്ളത് ദൈവം കരുതും. പ്രളയത്തിന് മുമ്പ് നോഹയെ പെട്ടകത്തിൽ എത്തിക്കുകയും സോദോമിന്റെ നാശത്തിനു മുമ്പ് ലോത്തിനെ രക്ഷിക്കുകയും ക്ഷാമത്തിനു മുമ്പ് യോസേഫിന് ധാന്യ പ്പുര ഒരുക്കുകയും ചെയ്തവനാണ് നമ്മുടെ ദൈവം. ഇത് അവസാനകാലമാണെന്ന് തന്നെ നാം വിശ്വസിക്കണം. അതുകൊണ്ട് നമ്മുടെ പ്രവൃത്തി വളരെ പ്രാധാന്യമുള്ളതാണ്. ഒരു ഉണർവ്വ് ഉണ്ടായേ പറ്റൂ. അത് വേദ പുസ്തകം പ്രവചിക്കുന്ന കാര്യമാണ്. അത് സംഭവിക്കുക തന്നെ ചെയ്യും.

ദൈവത്തിന് ഒരു തളിക ആവശ്യമാണ്. അങ്ങനെയൊരു തളികയാകുവാനാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്, അല്ലാതെ അനുകരണക്കാരനാകാനല്ല. തിരഞ്ഞെടുക്കപ്പെട്ടവർക്ക് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ചെയ്യാൻ സാദ്ധ്യമല്ല. ദൈവം സ്വയം പകർന്നു തരുന്ന തളികയുടെ ഭാഗമാണ് ഞാനും നിങ്ങളും എങ്കിൽ നാം അതിന്റെ വിലകൊടുക്കേണ്ടതാണ്. മറ്റെന്തെങ്കിലും താൽപ്പര്യമുള്ളവർക്ക് ഈ തളികയായിരിപ്പാൻ കഴിയുകയില്ല. സഭയുടെ ജനനത്തിന്റെ സമയത്തുള്ളവരല്ല നാം. സഭ ഇവിടുന്നു എടുക്കപ്പെടുന്ന, കൊയ്ത്തിന്റെ കാലത്ത് ഉള്ളവരാണ് നാം.

ഈ 2018 – ൽ നമുക്ക് ദൈവത്തിന്റെ പ്രവൃത്തി കാണണമെന്നും ദൈവത്തിന്റെ തളികയായി പ്രവർത്തിക്കണമെന്നും ആഗ്രഹം ഉണ്ടെങ്കിൽ ധൈര്യത്തോടെ മുമ്പോട്ടു പോകാം, അത്യുന്നതനായ ദൈവത്തിന്റെ തളികയാകുവാൻ നമ്മുടെ മനസ്സിനെ ഒരുക്കാം, പുതിയ തളികയാകുന്ന നമ്മിൽ ദൈവം ഉപ്പിടുവാനും അത് ഉറവയിലേക്ക് പകരുവാനുമായി നമ്മെ സമർപ്പിക്കാം!

ഹലോ ഹോപ്പിൽ നിങ്ങളുടെ ചർച്ചിന്റെ സ്പെഷ്യൽ മീറ്റിംഗുകൾ, കൺവെൻഷനുകൾ, മാട്രിമോണിയൽ, ബർത്ത്ഡേ വിഷസ്, വെഡിംഗ് ആനിവേഴ്സറി, മറ്റു പരസ്യങ്ങൾ മുതലായവ മിതമായ നിരക്കിൽ പ്രസിദ്ധീകരിക്കാവുന്നതാണ്.

**കമ്പനി പരസ്യങ്ങൾക്ക് പ്രത്യേക ഡിസ്കൗണ്ട് !!!**

Contact:
**+973 33552886**

## അറിയിപ്പ്

സ്ഥലപരിമിതി മൂലം വളരെയധികം ലേഖനങ്ങളും മറ്റ് രചനകളും ഈ ലക്കത്തിൽ ചേർക്കാൻ കഴിയാതെ പോയതിൽ ഖേദിക്കുന്നു.



## "ഹലോ ഹോപ്പ്" ഓൺലൈനിൽ

ഹലോ ഹോപ്പ് ജേണൽ ഇപ്പോൾ ഗോഡ്സ് ഓൺ ലാംഗ്വേജ് എന്ന വെബ്സൈറ്റിന്റെ സഹായത്തോടെ ഓണ്ലൈനി ൽ ലഭ്യമാണ്. ഹലോ ഹോപ്പ് ജേണലിൽ ബഹ്റിൻ,ഇന്ത്യ,സൗദി അറേബ്യ, ദുബായ്, അമേരിക്ക, ഇംഗ്ലണ്ട്, ന്യൂസിലാൻഡ്, കുവൈറ്റ്, നേപ്പാൾ, അയർലന്റ്, തുടങ്ങിയ രാജ്യങ്ങളിലെ എഴുത്തുകാരുടെ ആത്മീയ രചനകൾ പ്രസിദ്ധീകരിക്കുവാൻ സർവ്വശക്തനായ ദൈവം സഹായിക്കുന്നു. എല്ലായിടത്തും ഇതിന്റെ പ്രിന്റഡ് കോപ്പികൾ എത്തിക്കാൻ കഴിയാത്തതിനാൽ ഓൺലൈനിൽ ജേണൽ വായിക്കുവാനും ഇതിന്റെ പിഡിഎഫ് ഡൗൺലോഡ് ചെയ്യാനുമായി **www.godsownlanguage.com** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**Read Online:**
**www.godsownlanguage.com/mal/Magazines/Hello_Hope**

"ഹലോ ഹോപ്പ്" ജേർണലിൽ വരുന്ന
എല്ലാ ലേഖനങ്ങളിലേയും പതിവ് പംക്തികളിലേയും
ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്ത്വം
എഴുത്തുകാർക്ക് മാത്രമാണ്.
–എഡിറ്റർ–
Views and opinions expressed in various articles and features in "Hello Hope" are only of the writers and not necessarily of the publishers.
-Editor-

നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങൾക്ക് എഴുതുക:
**Hello Hope Journal**
**P.O. Box :10489**
**Kingdom of Bahrain**
✉ hhgulfnews@gmail .com
00973 38383399
☎ 17877171



THE BAHRAIN MALAYALEE CHRISTIAN CONGREGATION

# “ബി.എം.സി.സി”ക്ക് പുതിയ ആത്മീയ നേതൃത്വം



പ്രസിഡന്റ്
ബ്രദർ അനിൽ തോമസ്
(ശാരോൻ ഫെല്ലോഷിപ്പ് ചർച്ച്)



വൈസ് പ്രസിഡന്റ്
ബ്രദർ പ്രസാദ് എബ്രഹാം
(സുവാർത്താ ചർച്ച്)



സെക്രട്ടറി
ബ്രദർ ഡേവിസ് ഇട്ടി
(ബഥേൽ ബ്രദറൻ അസംബ്ളി)



അസിസ്റ്റന്റ് സെക്രട്ടറി
ബ്രദർ മാത്യു കെ. ജേക്കബ്
(അസംബ്ളീസ് ഓഫ് ഗോഡ് ചർച്ച്)



ട്രഷറർ
ബ്രദർ ജെൻസൺ ജോർജ്
(എബനേസർ ബ്രദറൻ അസംബ്ളി)



അസിസ്റ്റന്റ് ട്രഷറർ
ബ്രദർ ബിജിൻ ടി. ജോർജ്
(ഗഫൂൾ ബ്രദറൻ അസംബ്ളി)



ക്വയർ ലീഡർ
ബ്രദർ സണ്ണി സോളമൻ
(മനാമ ബ്രദറൻ അസംബ്ളി)



അസിസ്റ്റന്റ് ക്വയർ ലീഡർ
ബ്രദർ അനൂപ് തോമസ്
(ചർച്ച് ഓഫ് ഗോഡ് ഫുൾ ഗോസ്പൽ ബഥേൽ)



കമ്മറ്റി മെംബർ
ബ്രദർ ജോസ് കെ ജോൺ
(സെന്റ് തോമസ് ഇവാഞ്ചലിക്കൽചർച്ച്)



കമ്മറ്റി മെംബർ
ബ്രദർ മാത്യു പി. വർഗീസ്
(ചർച്ച് ഓഫ് ഗോഡ് ഫുൾ ഗോസ്പൽ)



കമ്മറ്റി മെംബർ
ബ്രദർ ബോബി വർഗീസ്
(ബിലീവേഴ്സ് ബ്രദറൻ അസംബ്ളി)



കമ്മറ്റി മെംബർ
ബ്രദർ ജോർജ് ജേക്കബ്
(ഐ.പി.സി. ബഹറിൻ)



കമ്മറ്റി മെംബർ
ബ്രദർ കെ.ജെ. ജോൺസൺ
(ഐ.പി.സി. ഹെബ്രോൺ)



കമ്മറ്റി മെംബർ
ബ്രദർ സുജിത്ത് കുമാർ
(ചർച്ച് ഓഫ് ഗോഡ് ഫുൾ ഗോസ്പൽ പ്രയർ ഫെല്ലോഷിപ്പ് )



ഓഡിറ്റർ
ബ്രദർ ജിജോ ഡി. പോൾ

# “എന്റെ സഹായം എവിടെ നിന്നു വരും”



പാസ്റ്റർ വിനിൽ സി ജോസഫ്

‘ഞാൻ എന്റെ കണ്ണ് പർവ്വതങ്ങളിലേക്ക് ഉയർത്തുന്നു എനിക്ക് സഹായം എവിടെ നിന്നു വരും, എന്റെ സഹായം ആകാശത്തേയും ഭൂമിയേയും ഉണ്ടാക്കിയ യഹോവയിങ്കൽ നിന്നു വരുന്നു’ സങ്കീ. 121:1,2.

ഒരു അച്ചടിശാലയിൽ രചനകളിൽ ഉണ്ടാകുന്ന തെറ്റുകൾ തിരുത്തുന്ന ജോലി ആയിരുന്നു ഒരു വനിതയ്ക്ക് ചെയ്യുവാനുണ്ടായിരുന്നത്. ഈ ജോലി ചെയ്യുമ്പോൾ തന്റെ കണ്ണിന് മങ്ങലും വേദനയും ഉണ്ടാകുമായിരുന്നു. കണ്ണിന്റെ ഈ അസുഖത്തിന് ചികിത്സിക്കുവാൻ ഈ സ്ത്രീ ഒരു ഡോക്ടറെ സമീപിച്ചു. ഡോക്ടർ കണ്ണ് പരിശോധിച്ചതിനുശേഷം കണ്ണുകൊണ്ടുള്ള അമിതമായ ജോലിയാണ് ഈവിധ രോഗങ്ങൾ കണ്ണിനുണ്ടാകുവാൻ കാരണമെന്നു പറഞ്ഞു. പ്രതിവിധിയായി കണ്ണിന് വിശ്രമം ആവശ്യം എന്ന് ഡോക്ടർ നിർദ്ദേശിച്ചു.

ഇതു കേട്ട സ്ത്രീ ഇപ്രകാരമാണ് പറഞ്ഞത് ഞാൻ ചെയ്യുന്ന ജോലിയിൽ കണ്ണിന് വിശ്രമം ലഭിക്കുകയില്ല എപ്പോഴും വായിക്കുക എന്നതാണ് എന്റെ ജോലി. ഡോക്ടർ പറഞ്ഞു നിങ്ങൾ ഇരിക്കുന്ന മുറിയിൽ ജനൽ ഉണ്ടാകുമല്ലോ, ആ ജനൽ തുറന്നിടുകയും ദൂരത്തേക്ക് നോക്കുകയും ചെയ്യുക. അതിന് സ്ത്രീ ഇപ്രകാരം പറഞ്ഞു ഞാൻ ഇരിക്കുന്ന മുറിയുടെ ജനൽ തുറന്നിട്ടാൽ വളരെ ഉയരത്തിലുള്ള ഒരു പർവ്വതം എനിക്ക് കാണുവാൻ സാധിക്കും. അതു കൂടാതെ പർവ്വതത്തിനപ്പുറത്ത് അനന്തവിഹായസും കാണാവുന്നതാണ്. ഇത് കേട്ട ഡോക്ടർ പുഞ്ചിരിച്ചിട്ട് പറഞ്ഞു നിങ്ങളുടെ കണ്ണിന്റെ അസുഖം മാറുവാൻ ഇത് ധാരാളം മതിയാകും. നിങ്ങൾക്ക് എപ്പോൾ കണ്ണിന് പ്രയാസം തോന്നുന്നുവോ അപ്പോൾ മറ്റുള്ള ജോലികൾ നിർത്തിവെച്ചിട്ട് ശാന്തമായി പത്ത് മിനിട്ടുനേരം ആ പർവ്വതത്തിലേക്കും അതിനപ്പുറത്തുള്ള ഉയരത്തിലേക്കും നോക്കുക. അങ്ങനെ ചെയ്യുമ്പോൾ നിങ്ങളുടെ കണ്ണിന്റെ അസുഖം ക്രമേണ മാറികിട്ടും.

ആരോഹണഗീതങ്ങളിൽ ഒന്നാണല്ലോ 121-ാം സങ്കീർത്തനം. യിസ്രായേൽ മക്കൾ ആരാധനയ്ക്ക് പോകുമ്പോൾ പാടുന്ന പാട്ടുകളിൽ ഒന്നാണ് ഇത്. ഈ സങ്കീർത്തനത്തിന്റെ ഉള്ളടക്കം മനുഷ്യജീവിതത്തിൽ ദൈവത്തിൽ നിന്നു ലഭിക്കുന്ന സുരക്ഷിത ബോധത്തെപ്പറ്റിയുള്ളതാണ്. എല്ലാ മനുഷ്യർക്കും വിവിധ തരത്തിലുള്ള സഹായം ആവശ്യമായി വരുന്നു. അപ്രകാരമുള്ള ആവശ്യങ്ങളിൽ സങ്കീർത്തനക്കാരൻ ദൈവത്തെ സഹായം ലഭിക്കുന്ന പർവ്വതമായി ചിത്രീകരിച്ചിരിക്കുന്നു. ഇതിനർത്ഥം ദൈവം സഹായം നൽകുന്നവനാകുന്നു എന്ന ഉറപ്പ് ആണ്.

പ്രിയരേ, നമുക്ക് സഹായം ആവശ്യമായി വരുമ്പോൾ നമ്മൾ എങ്ങോട്ടാണ് നോക്കുന്നത്. നമ്മുടെ ധനത്തിലോ, മാനുഷിക ബലത്തിലോ, ബുദ്ധിസാമർത്ഥ്യത്തിലേക്കോ ഇതൊന്നും സഹായത്തിന്റെ ഉറവിടങ്ങളല്ലായെന്നോർക്കുക.

2 ദിന.20-ൽ മൊവാബ്യരും അമോന്യരും മെയൂന്യരും ഒരുപോലെ യെഹോശാഫാത്തിനെതിരെ വന്നപ്പോൾ ഒരു മാനുഷിക സഹായത്തിന് പോകാതെ ദൈവമുഖത്തേക്ക് നോക്കി, ദൈവത്തിന്റെ സഹായം എത്രയോ വലുതാണ്. 2 ദിന.14-ൽ ആസായുടെ കാലഘട്ടത്തിൽ കൂശ്യനായ സേരഹ് പത്തുലക്ഷം ആളുകളും മുന്നൂറ് രഥവുമായി വന്നപ്പോൾ ആസാ ദൈവത്തിൽ ആശ്രയിച്ചു. യുദ്ധം ദൈവം ഏറ്റെടുത്തതായി നമുക്ക് കാണാം.

വചനം പറയുന്നു, ‘അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി അവരുടെ മുഖം ലജ്ജിച്ചു പോയതുമില്ല‘ - സങ്കീ.34:5. ആകയാൽ ദൈവത്തിൽ നിന്നു ലഭിക്കുന്ന സഹായത്തിനായി ആവലോടെ അപേക്ഷിക്കുന്നവരായി നമുക്ക് തീരാം.

# ബൈബിൾ... 4 പ്രതിപാദ്യരീതികൾ



പാസ്റ്റർ റ്റി.റ്റി. തോമസ്

ഈ ലക്കത്തിൽ ബൈബിളിന്റെ പ്രതിപാദ്യരീതിയെക്കുറിച്ച് പഠിക്കാം. ഈ പുസ്തകം മൂന്നു വിധ ശൈലികളിലാണ് എഴുതിയിരിക്കുന്നത്.

1. ***അലങ്കാര ഭാഷ***
2. ***പ്രതിരൂപഭാഷ***
3. ***അക്ഷരാർത്ഥത്തിലുള്ളത്***

ഉദാഹരണമായി

***അലങ്കാര ഭാഷ***– ***നിങ്ങളുടെ ഹൃദ***യങ്ങളെ കഠിനമാക്കരുത്, മരിച്ചവർ തങ്ങളുടെ മരിച്ചവരെ കുഴിച്ചിടട്ടെ..

***പ്രിതിരൂപഭാഷ*** – നെബുഖദ്നേസർ കണ്ട ബിംബം, ദാനിയേലിന്റെ 4 മൃഗങ്ങൾ, എഴു നിലവിളക്കുകളുടെ നടുവിൽ നിൽക്കുന്ന ക്രിസ്തു ഇവയെല്ലാം പ്രതിരൂപങ്ങളാണ്. അവയുടെ അർത്ഥങ്ങൾ ആ അദ്ധ്യായങ്ങളിൽ തന്നെയോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും ഭാഗത്തോ കൊടുത്തിരിക്കും.

***അക്ഷരാർത്ഥത്തിലുള്ളത്*** – മറ്റു പുസ്തകങ്ങളിൽ കാണുന്ന സാധാരണ ഭാഷാരീതി. പഴയ നിയമത്തിൽ പല ഉപമകൾ കാണുന്നുണ്ട്. അതുപോലെ പുതിയ നിയമത്തിൽ കർത്താവും ഉപമകൾ പറഞ്ഞിട്ടുണ്ട്. ആയത് കാര്യങ്ങൾ സാമാന്യ ജനം കൂടുതൽ ഗ്രഹിക്കുന്നതിനാണ്. മറ്റൊന്ന് പുതിയ നിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന നിഗൂഢപ്രയോഗങ്ങൾ ആണ് (മത്താ.13:10–17). പിന്നെ മർമ്മം എന്നൊരു പ്രയോഗമാണ്. മനസിലാകാത്ത കാര്യമല്ല മർമ്മം. തൽക്കാലത്തേക്ക് മറച്ചിരിക്കുന്നത് എന്നാണതിനർത്ഥം. പിന്നീട് അത് പരിശുദ്ധാത്മസഹായത്താൽ ചിന്തിച്ചാൽ ഗ്രഹിക്കുവാൻ സാധിക്കുന്നു.

എങ്ങനെ, എപ്പോൾ ബൈബിൾ എഴുതപ്പെട്ടു? ഈ ചോദ്യത്തിന് ബൈബിൾ തന്നെ മറുപടി പറയുന്നു. എല്ലാതിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന് ഉപദേശത്തിനും ശാസനത്തിന്നും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിന്നും പ്രയോജനമുള്ളതും ആകുന്നു (2 തിമൊ.2:16,17). ദൈവശാസീയം എന്ന് അർത്ഥം വരുന്ന ഗ്രീക്കുഭാഷ തിയോപ നു സ്റ്റസ് (Theop - Neu- Stos) ആണ് ഇൻസ്പിറേഷൻ എന്ന് തർജ്ജിമ ചെയ്തിരിക്കുന്നത്. എന്നാൽ മലയാളപദമാണ് കൂടൂതൽ ഉത്തമം.

## ദൈവവചനം ലഭിച്ച മാർഗ്ഗങ്ങൾ

***1. ദൈവത്തിന്റെ കേൾക്കാവുന്ന ശബ്ദത്തിൽ*** – കാഹളധ്വനി ദീർഘമായി ഉറച്ചുറച്ചുവന്നപ്പോൾ മോശെ സംസാരിച്ചു; ദൈവം ഉച്ചത്തിൽ അവനോടു ഉത്തരം അരുളി – പുറ.19:19, ആവ. 5:1–5, മത്താ.3:16–17, യോഹ.12:28. പഴയനിയമ എഴുത്തുകാരനായ മോശെയും യിസ്രായേൽ ജനവും കേൾക്കത്തക്ക രീതിയിൽ ദൈവം സംസാരിച്ചു. എന്നാൽ ജനം ഭയന്നതിനാൽ ദൈവം മോശെയോട് സംസാരിച്ചു. ആയത് മോശെ ജനത്തോട് പറഞ്ഞുകൊടുത്തു.

***2. ദൂതന്മാർ മുഖേന*** – സ്തെഫാനോസ് പ്രസ്താവനയിൽനിന്ന് മനസിലാക്കാൻ കഴിയുന്ന വേദപുസ്തകത്തിന്റെ ഒരു പേരാണ് ജീവനുള്ള അരുളപ്പാട് എന്നത്. അത് ലഭിച്ചതോ സീനായി മലയിൽ വച്ച് ദൂതന്മാർ മുഖാന്തിരം. പൗലോസ് പ്രസ്താവിക്കുന്നത് ദൂതന്മാർ മുഖാന്തിരം അരുളിചെയ്ത വചനം എന്നത്രേ. അപ്പോൾ തിരുവചനത്തിലെ ഭാഗങ്ങൾ ദൂതന്മാർ മുഖാന്തിരം ആത്മപ്രേരിതരായ എഴുത്തുകാർക്കു ലഭിച്ചു.

***3. പ്രവാചകന്മാർ മുഖാന്തരം*** – ദൈവം ലോകാരംഭംമുതൽ തന്റെ വിശുദ്ധപ്രവാചകന്മാർ മുഖാന്തരം അരുളിചെയ്തതു ഒക്കേയും യഥാസ്ഥാനത്താക്കുന്ന കാലം വരുവോളം സ്വർഗ്ഗം അവനെ കൈകൊള്ളേണ്ടതാകുന്നു (പ്രവൃ.3:21). ദൈവം പണ്ടു ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോടു അരുളിചെയ്തിട്ടു (എബ്രാ.1:1).

***4. യേശുക്രിസ്തുവിൽ കൂടി*** – ഈ അന്ത്യകാലത്തു പുത്രൻ മുഖാന്തരം നമ്മോടു അരുളിച്ചെയ്തിരിക്കുന്നു. അവനെ താൻ സകലത്തിന്നും അവകാശിയാക്കി വെച്ചു, അവൻ മുഖാന്തരം ലോകത്തേയും ഉണ്ടാക്കി (എബ്രാ.1:2). യേശുക്രിസ്തുവിന്റെ വെളിപ്പാട് വേഗത്തിൽ സംഭവിപ്പാനു ള്ളതു തന്റെ ദാസന്മാരെ കാണിക്കേണ്ടതിന് ദൈവം അതു അവന്നു കൊടുത്തു. അവൻ അതു തന്റെ ദൂതൻ മുഖാന്തരം അയച്ചു തന്റെ ദാസനായ യോഹന്നാന് പ്രദർശിപ്പിച്ചു (വെളി.1:1).

***5. അപ്പൊസ്തലന്മാർ മുഖാന്തരം*** – അവൻ കഷ്ടം അനുഭവിച്ചശേഷം നാൽപ്പതു നാളോളം അവർക്കു പ്രത്യക്ഷ്യനായി ദൈവരാജ്യം സംബന്ധിച്ച കാര്യങ്ങൾ പറഞ്ഞുകൊണ്ടു (പ്രവൃ.1:2).

***6. ദർശനത്തിലൂടെ*** – ഉസ്സീയാരാജാവ് മരിച്ച ആണ്ടിൽ കർത്താവ് ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ ഇരിക്കുന്നതു ഞാൻ കണ്ടു, അവന്റെ വസ്ത്രത്തിന്റെ വിളുമ്പുകൾ മന്ദിരത്തെ നിറച്ചിരുന്നു (യെശ.6:1, ദാനി.7:7,8)

***7. സ്വപ്നത്തിലൂടെ*** – ഇങ്ങനെ നിനച്ചിരിക്കുമ്പോൾ കർത്താവിന്റെ ദൂതൻ അവന്നു സ്വപ്നത്തിൽ പ്രത്യക്ഷ്യനായി, ദാവീദിന്റെ മകനായ യോസേഫേ, നിന്റെ ഭാര്യയായ മറിയയെ ചേർത്തുകൊൾവാൻ ശങ്കിക്കേണ്ട, അവളിൽ ഉൽപ്പാദിതമായതു പരിശുദ്ധാത്മാവിനാൽ ആകുന്നു ( മത്താ.1:20). ഹെരോദാവിന്റ അടുക്കൽ മടങ്ങിപോകരുതു എന്നു സ്വപ്നത്തിൽ അരുളപ്പാടുണ്ടായിട്ടു അവർ വെറെ വഴിയായി മടങ്ങിപ്പോയി (മത്താ.2:12).

# Fruit: An Evidence of Saving Faith!



***Jesus taught that fruit is necessity in the believer's life:***

*"I am the true vine, and My Father is the vinedresser. Every branch in Me that does not bear fruit He takes away; and every branch that bears fruit He prunes, that it may bear more fruit. You are already clean because of the word which I have spoken to you. Abide in Me, and I in you. As the branch cannot bear fruit of itself, unless it abides in the vine, neither can you, unless you abide in Me. I am the vine, you are the branches. He who abides in Me, and I in him, bears much fruit; for without Me you can do nothing. If anyone does not abide in Me, he is cast out as a branch and is withered; and they gather them and throw them into the fire, and they are burned. If you abide in Me, and My words abide in you, you will ask what you desire, and it shall be done for you. By this My Father is glorified, that you bear much fruit; so you will be My disciples" (Jn. 15:1-8).*

Many interpret this passage in a fashion which is reassuring and tickling to the ears (2 Tim. 4:3-4). But such interpretations are not true to Scripture. Consider the relationships and consequences:

We are branches; Jesus is the vine; we (as branches) cannot bear fruit by ourselves; we (as branches) can only bear fruit as we remain in Jesus (the vine); we (as branches) must remain continually in the vine (Jesus); we (as branches) can do nothing apart from Jesus; we (as branches) are to bear much fruit for the glory of God, showing ourselves to be disciples of Jesus; and we (as branches) will bear much fruit if we continually remain in Jesus (the vine) and He in us.

What happens if we don't remain in the vine (Jesus) and don't produce fruit? See the results: God, the Father, is the gardener, who cuts off every branch in Jesus that bears no fruit; if we (the branches) don't remain in Christ (the vine), we are like branches that are thrown away and wither; and if we (the branches) don't remain in Christ (the vine), we are like branches which are picked up, thrown into the fire and burned. There are some crucial lessons to be learned from this passage.

## "In Christ"

## Without Fruit = No Salvation

To whom could the above teaching refer? How about the millions upon millions of persons who warm our church chairs with an easy-belief form of Christianity? Such professing Christians often have no fruit of the Spirit of God in their lives. They have been taught that their passive belief is adequate for salvation. They neither obey Jesus nor pledge to obey Him as their Lord; thus they don't have the Spirit (Jn. 14:15; Acts 5:32); without the Spirit they can't have the fruit of the Spirit (Gal. 5:22); without the fruit of the Spirit they will be cut off from Jesus (Jn. 15:2); without the Spirit they don't belong to Christ (Rom. 8:9); unless they belong to Christ they have no salvation (1 Jn. 5:12).

## Fruit of the Spirit as a Test

Paul the apostle mentions a list of the fruit of the Spirit: "But the fruit of the Spirit is love, joy, peace, longsuffering, kindness, goodness, faithfulness,



Rev. Georgy Mathew Alexios

gentleness, self-control" (Gal. 5:22-23). Note that the word "fruit" is singular in number and not "fruits." The grammar may appear to be wrong; but according to God's Word, all nine of them are treated as a single element. Either we will have all nine of them or else none of them. Since the fruit (all nine) is of the Holy Spirit, we won't have it unless we have the Holy Spirit in us. So firstly, it is a test for the presence of the Spirit. We will have the fruit (all nine of them) if we have the Spirit. This could be what apostle John refers to in 1 Jn. 3:24.

*(Will be continued)*


# വെളുക്കാൻ തേച്ചതു പാണ്ടായി!



സണ്ണി തോമസ് പുതുപ്പള്ളി

ചിലപ്പോഴെങ്കിലും വെളുക്കാൻ തേക്കുന്നതു പാണ്ടായി മാറാറുണ്ട് . കാരണം ഉപയോഗിക്കുന്ന സോപ്പ് അതിനു പറ്റിയതല്ല എന്നതുകൊണ്ടുതന്നേ. ക്ലോറക്സ് വെള്ള വസ്ത്രങ്ങൾക്കു വെണ്മയേറുമെങ്കിലും നിറമുള്ള വസ്ത്രങ്ങൾക്കു പ്രയോഗിക്കുന്നതു സൂക്ഷിച്ചു വേണം.

അനുഗ്രഹിച്ചാൽ അതു ശാപമായിമാറുമോ ? ചിലപ്പോഴെങ്കിലും അനുഗ്രഹം ദ്രോഹമായി മാറുവാൻ സാദ്ധ്യതയുണ്ടു എന്നാണു ബഹുജ്ഞാനിയായ ശലോമോൻ പറയുന്നത്. അതെങ്ങനെ എന്നാവും ചോദ്യം. ഉത്തരം,



പ്രയോഗിക്കുന്ന സോപ്പ് അഥവാ ഉപാധിയുടെ പോരായ്മകൾ തന്നേ. ഉദാഹരണം: 'അതികാലത്തു എഴുന്നേറ്റു സ്നേഹിതനെ ഉച്ചത്തിൽ അനുഗ്രഹിക്കുന്നവന്നു അതു ശാപമായി എണ്ണപ്പെടും'. വിവരക്കേട്, അജ്ഞത, അവിവേകം, പരിസരബോധമില്ലായ്മ എന്നൊക്കെ പറയാം. അതികാലത്തു എഴുന്നേൽക്കുന്നതു തെറ്റാണോ? ആരോഗ്യനിപുണന്മാരും ബൈബിളും ഒക്കെ അതികാലത്തു എഴുന്നേൽക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നുണ്ടല്ലോ. യേശു അതികാലത്തു ഇരുട്ടോടെ എഴുന്നേറ്റു പുറപ്പെട്ടു ഒരു നിർജ്ജനസ്ഥലത്തു ചെന്നു പ്രാർത്ഥിച്ചു. ദാവീദ്: യഹോവെ, രാവിലെ എന്റെ പ്രാർത്ഥന കേൾക്കണമേ; രാവിലെ ഞാൻ നിനക്കായി ഒരുക്കി കാത്തിരിക്കുന്നു. ഞാനോ നിന്റെ ബലത്തെക്കുറിച്ചു പാടും; അതികാലത്തു ഞാൻ നിന്റെ ദയയെക്കുറിച്ചു ഘോഷിച്ചാനന്ദിക്കും. അബ്രഹാം അതികാലത്തു എഴുന്നേറ്റു കഴുതക്കു കോപ്പിട്ടു...രാത്രിയിൽ നേരത്തെ കിടന്നുറങ്ങുന്നതും

അതിരാവിലെ എഴുനേൽക്കുന്നതും ആരോഗ്യത്തിന്നു നല്ലതാണന്നും പറയപ്പെടുന്നു. എങ്കിൽപ്പിന്നെ അതികാലത്തു എഴുന്നേറ്റു ചെയ്യുന്ന ഒരു പ്രവൃത്തി തെറ്റാണ് എന്നു പറയുവാൻ സാധിക്കുമോ? സ്നേഹിതനേയും അയൽക്കാരനേയും അനുഗ്രഹിക്കുന്നതു എത്രയോ നല്ല കാര്യമാണ്. നാം മറ്റുള്ളവരെ അനുഗ്രഹിക്കുന്നവരായിരിപ്പാനല്ലേ ദൈവം ആഗ്രഹിക്കുന്നതും ഉപദേശിക്കുന്നതും. The one who blesses will be blessed. അനുഗ്രഹിക്കുന്നവൻ അനുഗ്രഹിക്കപ്പെടും. ഔദാര്യമാനസൻ പുഷ്ടപ്രാപിക്കും, തണുപ്പിക്കുന്നവന് തണുപ്പ് കിട്ടു.

അപ്പോൾ പിന്നെ ശബ്ദം കൂടിപ്പോയി എന്നുള്ളതായിരിക്കും പ്രശ്നം. ഉച്ചത്തിൽ ഘോഷിക്കാനും പാടാനും ഒക്കെയല്ലേ ദൈവവചനം പ്രോത്സാഹിപ്പിക്കുന്നതു. സകലഭൂവാസികളുമായുള്ളോരേ, യഹോവെക്കു ആർപ്പിടുവിൻ; പൊട്ടിഘോഷിച്ചു കീർത്തനം ചെയ്‌വിൻ. എങ്കിൽപ്പിന്നെ രാവിലത്തെ അനുഗ്രഹത്തിന്നു മാത്രം എന്തോന്നു പ്രത്യേകത. ആകപ്പാടെ ഒരു കൺഫ്യൂഷൻ.

അസ്സമയത്ത് അസ്സാധാരണമാം വിധം അനുഗ്രഹിക്കുമ്പോൾ തന്റെ മാനസികാവസ്ഥയും ഉദ്ദേശശുദ്ധിയും ചോദ്യം ചെയ്യപ്പെടാം. പിന്നിൽ എന്തോ ദുരുദ്ദേശമുണ്ടെന്നു തോന്നിപ്പോകും, പലപ്പോഴും ഉണ്ടാകുംതാനും. ഒരു കാലത്തു അബ്ശാലോ അതികാലത്തു എഴുന്നേറ്റു പടിവാതിൽക്കൽ വഴിയരികെ നിന്നു. ആരെങ്കിലും വ്യവഹാരം ഉണ്ടായിട്ടു രാജാവിന്റെ അടുക്കൽ വിസ്താരത്തിന്നായി വരുമ്പോൾ, ആരെങ്കിലും അവനെ നമസ്ക്കരിപ്പാൻ അടുത്തുചെന്നാൽ അവൻ കൈനീട്ടി അവനെ പിടിച്ചു ചുംബനം ചെയ്തു അനുഗ്രഹിക്കും. രാജാവിന്റെ ന്യായവിസ്താരത്തിന്നു വരുന്ന എല്ലാ യിസ്രായേലിനോടും അബ്ശാലോം അങ്ങനെ തന്നേ ചെയ്തു; അങ്ങനെ അബ്ശാലോം യിസ്രായേല്യരുടെ ഹൃദയം വശീകരിച്ചു കളഞ്ഞു. ഐഡിയാ!

അസാധാരണമായ പുകഴ്ചയും അനുഗ്രഹവും കേൾക്കുന്ന പുതിയ പ്രസംഗകനോ പാട്ടുകാരനോ തങ്ങൾ ബില്ലിഗ്രഹാം ആണന്നോ ജിംറീവ്സ് ആണന്നോ ഒക്കെ ചിന്തിച്ചു പോയാൽ അവരെ പഴിക്കാനാവില്ല.

അമേരിക്കയിലുള്ള സ്നേഹിതൻ നല്ല സമയം നോക്കി സന്ധ്യാസമയത്തു ഫോൺ ചെയ്താൽ ഗൾഫുകാരനോ നാട്ടുകാരനോ അതിരാവിലെ കിട്ടുന്ന നല്ല ഉറക്കത്തിൽ നിന്നെഴുന്നേറ്റു ഉറക്കച്ചടവിൽ വല്ലപിച്ചും പേയും ശാപവാക്കുകളോ ഉരുവിട്ടുപോയാൽ പിണങ്ങിയിട്ടു കാര്യമൊന്നുമില്ല. തിരിച്ചായാലും തഥൈവ.

അസ്സമയത്തെ അനുഗ്രഹം അനുഗ്രഹിക്കപ്പെടേണ്ട ആളിന് അനിഷ്ടവും അസ്വസ്ഥതയും ഉളവാക്കുന്നതും ചിലപ്പോൾ അപമാനമായും ഭവിക്കാം. അനുഗ്രഹിക്കുന്ന ആളിനെ തെറ്റിദ്ധരിക്കാനും സാധ്യതയുണ്ടു. ചിലരെ വേദിയിലിരുത്തി വാനോളം പുകഴ്ത്തുന്നതും കേൾക്കുന്നവർ ഞെളിപിരി കൊള്ളുന്നതും തലകുനിച്ചു ഇരിക്കുന്നതു കണ്ടിട്ടുണ്ട്. സൂക്ഷിച്ചോളൂ അനുഗ്രഹത്തിനു മാത്രമല്ല എല്ലാ കാര്യത്തിനും ഇതു ബാധകമാണ്. നല്ല കാര്യമാണെങ്കിലും അസ്ഥാനത്ത് അസ്സമയത്ത് അസ്സാധാരണമാം വിധം ചെയ്താൽ നന്മക്കു പകരം ദോഷമായിരിക്കും ഫലം. Whoever blesses his neighbor with a loud voice, rising early in the morning, will be counted as cursing ( Pro. 27:14).



*ജീമോൻ പഴയിടം, മൂന്നാർ*

## കഥയിൽ അൽപം കാര്യം!!!



*ഒരിക്കൽ ഒരാൾ വലിയ ചുറ്റിക വച്ച് ഒരു കരിങ്കല്ല് അടിച്ചു പൊട്ടിക്കുകയായിരുന്നു. ഒട്ടേറെ പ്രഹരങ്ങൾ ആ കരിങ്കല്ലിൽ ഏൽപ്പിച്ചിട്ടും വളരെ താമസം നേരിടേണ്ടി വന്നു അത് പൊട്ടാൻ. ഇത് കണ്ടു നിന്ന മറ്റൊരു വ്യക്തി അദ്ദേഹത്തിനോട് പറഞ്ഞു സ്നേഹിതാ, ഞാൻ താങ്കളടിക്കുന്ന ഓരോ അടിയും എണ്ണുന്നുണ്ടായിരുന്നു. 50 അടി വേണ്ടിവന്നു ഈ കല്ല് പൊട്ടാൻ. താങ്കൾ ഈ അൻപതാമത്തെ അടി ആദ്യം അടിച്ചായിരുന്നെങ്കിൽ ആദ്യമേ ഈ കല്ല് പൊട്ടിക്കാമായിരുന്നു.*

*ഇത് കേട്ട കല്ല് പൊട്ടിക്കുന്ന വ്യക്തി ഇപ്രകാരം പറഞ്ഞു എന്റെ ആദ്യ അടിയിൽ തന്നെ ഈ കല്ലിനുള്ളിൽ വിള്ളൽ വരുത്തിയിട്ടുണ്ടായിരുന്നു. പിന്നീടുള്ള ഓരോ അടിയും ഈ വിള്ളലിനെ കൂടുതലാക്കുകയും താങ്കൾ പറഞ്ഞ അൻപതാമത്തെ അടിയിൽ രണ്ടായി പിളർക്കുകയുമാണ് ഉണ്ടായത്.*

*പ്രിയരെ, നമ്മുടെ ദൈവസന്നിധിയിലെ പ്രാർത്ഥനയിലും ഇപ്രകാരം സംഭവിക്കാറുണ്ട്. നാം ചില വിഷയത്തിൽ ഒന്നോ രണ്ടോ ചില ദിവസങ്ങളോ പ്രാർത്ഥിച്ച ശേഷം ഉത്തരം ലഭിക്കാതെ നിരാശരായി അതിൽ നിന്നും പിൻതിരിയാറുണ്ട്. എന്നാൽ ഓർക്കുക നമ്മുടെ ആദ്യ പ്രാർത്ഥനയിൽ തന്നെ വിഷയത്തിന്മേൽ വിടുതലിന്റെ ആരംഭം കുറിച്ചിട്ടുണ്ട്! അത് അതിന്റെ സമാപ്തിയിലെത്തുവാൻ നമ്മുടെ അൻപതാമത്തേയോ നൂറാമത്തേയോ പ്രാർത്ഥനയിൽ സാധിച്ചേക്കാം.*

*മടുക്കാതെ, മനംതിരിയാതെ പ്രാർത്ഥനയിൽ ജാഗരിക്കുക. 1 തെസ്സ.5:16 –ാം വാക്യത്തിലൂടെ ലേഖകൻ ഇപ്രകാരം പ്രബോധിപ്പിക്കുന്നു എപ്പോഴും സന്തോഷിപ്പിൻ, ഇടവിടാതെ പ്രാർത്ഥിപ്പിൻ, എല്ലാറ്റിനും സ്തോത്രം ചെയ്‌വിൻ...ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!*

## Command & Promise of the Month

### COMMAND

**ഗാലാത്യർ 5:16**

**ആത്മാവിനെ അനുസരിച്ചു നടപ്പിൻ, എന്നാൽ നിങ്ങൾ ജഡത്തിന്റെ മോഹം നിവർത്തിക്കയില്ല എന്നു ഞാൻ പറയുന്നു.**

### PROMISE

**എഫെസ്യർ 2:8**

**കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു, അതിന്നും നിങ്ങൾ കാരണമല്ല, ദൈവത്തിന്റെ ദാനമത്രേയാകുന്നു.**

# പാട്ടുകളുടെ പിന്നാമ്പുറങ്ങൾ

*ഗാനം - കർത്താവിലെന്നും എന്നും എന്റെ ആശ്രയം*
*രചന - ജോർജ് പീറ്റർ, ചിറ്റൂർ*



ജെയ്സൺ ജേക്കബ് ജോയ്

ക്രിസ്തീയ ജീവിതം വിശ്വാസ പടകിലൂടെ സ്വർഗീയ സീയോനിലേക്കുള്ള യാത്രയാണ്. ഈ യാത്ര മദ്ധ്യേ പടകു ഉലയുമ്പോൾ ഉള്ളം കലങ്ങുമ്പോൾ നാം കർത്താവിന്റെ സന്നിധിയിൽ അഭയം പ്രാപിക്കുന്നു. അവന്റെ ആശ്വാസമൊഴികളാൽ നമ്മുടെ ഹൃദയം ശാന്തമാകുന്നു. ഈ വിധത്തിൽ ആശ്വാസം കണ്ടെത്തിയ ഒരു അനുഗ്രഹീത ദൈവദാസന്റെ ഗാനത്തിന്റെ പിന്നാമ്പുറങ്ങളിലേക്കാണ് നാം കടന്നു പോകുന്നത്.

എറണാകുളം ജില്ലയിലെ പാമ്പാടിക്കുടയിൽ പുത്തൻ പുരക്കൽ വീട്ടിൽ പീറ്റർ ഏലിയാമ്മ ദമ്പതികളുടെ മകനായി ജോർജ് പീറ്റർ ജനിച്ചു. പിതാവ് അനുഗ്രഹീത സുവിശേഷകനായിരുന്നു. പിന്നീട് കുടുംബം വയനാട്ടിലെ സുൽത്താൻ ബത്തേരിയിലേക്ക് കുടിയേറി പാർത്തു. പിതാവിന്റെ കാൽചുവടുകളെ പിന്തുടരണം എന്ന ദൈവദാസന്റെ



ജോർജ് പീറ്റർ, ചിറ്റൂർ

ആഗ്രഹം സ്വർഗം ആദരിച്ചു. അങ്ങനെ പാലക്കാട് ജില്ലയിലെ ചിറ്റൂരിലേക്ക് ദൈവദാസൻ കടന്നു വന്നു. തന്റെ അവിടെയുള്ള ആദ്യകാല പ്രവർത്തനങ്ങൾ ഏറെ ദുഷ്ക്കരവും ദുരിത പൂർണ്ണവും ആയിരുന്നു.

1973 -ൽ താൻ ഭവന സന്ദർശനങ്ങൾക്കായി ഒരു ഗ്രാമത്തിലേക്ക് കടന്നുപോയി. രാവിലെ ഭവനത്തിൽ കടന്നു ചെല്ലുമ്പോൾ തന്നെ സ്വീകരിക്കാനോ താൻ പറയുന്ന കാര്യങ്ങൾ കേൾക്കുവാനോ ആരും തയ്യാറായില്ല. മാത്രമല്ല ഉച്ചയ്ക്ക് ഊണ് കഴിക്കുവാൻ പോലും പണമില്ലാതെ വളരെ ക്ഷീണിതനായി ബസ് സ്റ്റോപ്പിൽ വന്നിരുന്നു. ബസ് വരുവാൻ സമയം അധികം ഉണ്ട്. ആ സമയം തന്റെ ഹൃദയ വേദന കർത്തൃസന്നിധിയിൽ പകരുവാൻ തുടങ്ങി. ആ സമയത്തു ചില ആശ്വാസവാക്കുകൾ തന്റെ ഹൃദയത്തിൽ അലയടിക്കുവാൻ തുടങ്ങി. അത് താൻ ഒരു കടലാസിൽ എഴുതി. കർത്താവിലെന്നും എന്റെ ആശ്രയം കർത്തൃസേവ ഒന്നേ എന്റെ ആഗ്രഹം, കഷ്ടമോ നഷ്ടമോ എന്തു വന്നീടിലും കർത്താവിൻ പാദം ചേർന്നു ചെല്ലും ഞാൻ. അങ്ങനെ ബാക്കി വരികൾ വീട്ടിൽ ചെന്നു എഴുതുവാൻ ദൈവം തന്റെ മകന് കൃപ നൽകി.

പ്രിയ ദൈവമക്കളെ, നാമും ഇങ്ങനെയുള്ള അവസ്ഥയിൽ കടന്നു പോകുമ്പോൾ നമുക്കും ആ നല്ല കർത്താവിന്റെ സന്നിധിയിലേക്ക് കടന്നു ചെല്ലാം. അതിനായി ഈ ഗാനം നമ്മെ സഹായിക്കുമാറാകട്ടെ!

# ഉത്തരേന്ത്യൻ മരുഭൂമിയിലൂടെ



ഷൈമോൾ ബിജുമോൻ

*8-ാം ലക്കത്തിൽ നിന്നും തുടർച്ച)*

ഹക്മയും കുടുംബവും പൂർണ്ണമായും കർത്താവിനെ വിശ്വസിച്ച് ജലത്തിൽ സാക്ഷീകരിച്ച് വിശ്വാസ ജീവിതം ആരംഭിച്ചു. വിടുതലിന്റെ സാക്ഷ്യവുമായി ഗ്രാമത്തിലെത്തിയ കുടുംബത്തെ ഗ്രാമക്കാർ ഒറ്റപ്പെടുത്താൻ തുടങ്ങി. ഹക്മയുടെ പിതാവ് മരിച്ചപ്പോൾ കർമ്മങ്ങൾ ചെയ്യുന്നതിന് തന്റെ സഹോദരന്മാർ വിളിച്ചത് താൻ തിരസ്ക്കരിച്ചു. ആ കാരണത്താൽ, പിതാവിന്റെ സ്വത്തിൽ തനിക്ക് അവകാശം ഇല്ല എന്നു പറഞ്ഞു സഹോദരന്മാരും ഗ്രാമക്കാരും ഹക്മയുടെ ഫലഭൂയിഷ്ടമായ ഭൂമി അപഹരിച്ചു കൃഷിയോഗ്യമല്ലാത്ത സ്ഥലം നൽകി.

വിദ്യാഭ്യാസവും, വചന പാണ്ഡിത്യവും ഇല്ലാത്ത ഈ സഹോദരൻ തന്റെ സഹോദരങ്ങളോടു ഇങ്ങനെ പറഞ്ഞു 'എനിക്കുള്ള നിക്ഷേപം അങ്ങു സ്വർഗ്ഗത്തിലാണ്. ഈ ഭൂമിയിലുള്ളത് നിങ്ങളെടുത്തുകൊള്ളൂ'. ദൈവം അവർക്ക് വിശ്വസ്തനായിത്തീർന്നു. പെൺകുഞ്ഞിനേയും ആൺകുഞ്ഞിനേയും കൂടി ദൈവം ദാനമായി നൽകി അവരെ ആ ഗ്രാമത്തിൽ മാനിച്ച് നിലനിർത്തി.

വിദ്യാഭ്യാസം ഇല്ലാത്ത ഹക്മക്ക് വേദപുസ്തകം വായിക്കണമെന്നും പഠിക്കണം എന്നും വാഞ്ചയുണ്ടായി. തന്റെ ആഗ്രഹം ദൈവദാസനെ നിരന്തരമായി അറിയിച്ചതിനാൽ പൂർണ്ണ വേദപുസ്തകം ഓഡിയോ സി.ഡി ആക്കി നൽകാം എന്നു ഏറ്റു. അപ്പോൾ തന്നെ നാലായിരം രൂപമുടക്കി സ്വന്തമായി ഒരു സി.ഡി പ്ലെയർ വാങ്ങി. രാവും പകലും തന്റെ ഭവനത്തിൽ ദൈവചനം മുഴങ്ങികൊണ്ടിരുന്നു. അങ്ങനെ അദ്ദേഹം വേദപുസ്തകം ഹൃദ്ദിസ്ഥമാക്കി. വേദപുസ്തകത്തിൽ നിന്നും ഏതു വാക്യങ്ങൾ ഉദ്ധരിച്ചാലും ഹക്മയ്ക്ക് ആ വാക്യങ്ങൾ എല്ലാം ഹൃദ്ദിസ്ഥമാണ്. വചനം മുഴങ്ങികേട്ടുകൊണ്ടിരുന്ന തന്റെ മൺവീടിന് ദൈവം വിശാലത വരുത്തി. ഒരു പുതിയ ഭവനം ചമപ്പാൻ ആ കുടുംബത്തെ ദൈവം സഹായിച്ചു. പൂർണ്ണമായും പണിതീരാത്ത ഈ വീടിലേക്ക് താമസിക്കുന്നതിനു മുൻപായി പ്രാർത്ഥിക്കുവാൻ വന്നതായിരുന്നു ഞങ്ങൾ. വളരെ സന്തോഷവും പ്രത്യാശയും നിറഞ്ഞ ഈ കുടുംബത്തെ കണ്ട് ഞങ്ങൾ ദൈവത്തെ മഹത്വപ്പെടുത്തി. ചെറുകടിയ ഗ്രാമത്തിൽ ക്രിസ്തുവിനുവേണ്ടി നിൽക്കുന്ന ഹക്മ സഹോദരനേയും കുടുംബത്തേയും അവരുടെ ഗ്രാമത്തേയും ഓർത്തു പ്രാർത്ഥിക്കണമേ എന്ന് അപേക്ഷിക്കുന്നു.



ഹക്മയോടും കുടുംബത്തോടൊപ്പം പുതിയ വീടിനു മുന്നിൽ




A SPARROW'S FAITH 6

# TWO WORDS, With a twinkle in the eyes...

## Dedicated to Rowena Niduaza, the storyteller.



Raji Unnikrishnan

A renowned public speaker said that all her speeches since early 2000 focused only on one topic defined in two words – Thank You. In every platform while she excelled and touched the audience with her oratory skills, the title of her speech remained the same – "Two Words".

Rowena Niduaza who bravely fought cancer cells in her ovaries for almost eight years and now helping her 25-year-old daughter Abbey fight the same battle, is also the mother of a miracle baby Anna and an older son Archie. The 52-year-old retail businesswoman, who stands out in a crowd with her hair that is painted a tangerine shade, will leave you spellbound with her speeches in which she walks you through the journey of fighting cancer. She can easily make you feel a lump in the chest and your eyes would well up. And then, like a quick, smooth breeze that glides the sail of a rib boat, she will transform you to a plane where she will leave you with a smile – reminding us of those countless blessings that we enjoy. In a while she will shake your cozy chair, asking you about your "needs" versus "want" priority.



*(Ms Niduaza, a Filipino is based in Dubai and lives with her husband Henry Niduaza and her three children. She is a noted speaker in the Toastmasters' platforms and others as well as the Visual Merchandising Manager for Lals Group, Dubai.)*

"We are not satisfied with what we just want, but we are often derailed from the purpose of this life that is God's gift, which is all about what we need," saying this, Ms Niudaaza smiled at me, with a twinkle in her eyes.

I think the message from Ms Niduaza was a personalised noted from God to me, as I step into a brand new year, fresh and full of surprises and opportunities, which I believe is a special gift from the Lord. Being grateful is beautiful and telling the Lord that we are thankful for His mercies each moment is even more...

*"I will praise you, Lord my God, with all my heart; I will glorify your name forever. For great is your love toward me; you have delivered me from the depths, from the realm of the dead." Psalm 86:12-13*

May Year 2018 be blessed!

*-A Sparrow*

# ദൈവദാസന്മാരുടെ വിശേഷണങ്ങൾ




പ്രസംഗക്കുറിപ്പുകൾ

പാസ്റ്റർ വിനിൽ സി ജോസഫ്

1. ദൈവമർമ്മങ്ങളുടെ ഗൃഹവിചാരകന്മാർ
   1 കൊരി.4:1
2. ദൈവകൃപയുടെ ഗൃഹവിചാരകന്മാർ
   1 പത്രോ.4:10
3. ദൈവത്തിന്റെ ഗൃഹവിചാരകന്മാർ
   തീത്തോ.1:7
4. സഭയുടെ ശുശ്രൂഷകന്മാർ
   കൊലോ.1:25
5. ക്രിസ്തുവിന്റെ ശുശ്രൂഷകന്മാർ
   റോമ.15:15
6. ദൈവത്തിന്റെ ശുശ്രൂഷകന്മാർ
   2 കൊരി.6:4
7. സുവിശേഷത്തിന്റെ ശുശ്രൂഷകന്മാർ
   എഫെ.3:7
8. വചനത്തിന്റെ ശുശ്രൂഷകന്മാർ
   ലൂക്കോ.1:1
9. വേലക്കാർ
   മത്താ.9:38
10. സുവിശേഷകന്മാർ
    പ്രവൃ.21:8




*Prayerful wishes for a blessed married life to*

**Benison & Betty**

*With best compliments*

**Joby, Blessy, Greata Sara Job and Gershon John Joby**



Malayalam Bible
മലയാളം ബൈബിൾ
www.FreeBiblesIndia.com

**FEATURES**

Read and meditate the WORD of GOD in Malayalam using the Malayalam Bible app. Malayalam Bible app supports almost all Android devices. We have made this app available free for you to download and use.

✓Designed to run on all versions of Android devices.
✓Parallel English & Hindi Bibles.
✓No additional font installation required & Search option.
✓Verse Highlighting, Notes
✓Integrated Audio Bible
✓Adjustable font size and easy to use interface.
✓Night Mode for reading during night time (Good for your eyes)
✓Swipe functionality for chapter navigation.
✓Share Bible verses to social media sites (Facebook, Google+, Twitter), E-mail, Whatsapp, Skype) and SMS.

www.GodsOwnLanguage.com

**MALAYALAM BIBLE**
**മലയാളം ബൈബിൾ**
www.MalayalamBible.info
www.facebook.com/MalayalamBible.info



Download from : www.MalayalamBible.info, www.goo.gl/s9V29O, www.freebiblesindia.com/bible/mal, www.GodsOwnLanguage.com

**മലയാളം ബൈബിൾ**

ഈ ആപ്ലിക്കേഷൻ ഉപയോഗിച്ച് നിങ്ങള്ക്ക് മലയാളം ബൈബിൾ നിങ്ങളുടെ കമ്പ്യൂട്ടർ അഥവാ സ്മാർട്ട് ഫോണുകളിൽ ഓഫ്‌ലൈൻ ആയി വായിക്കാം. വായിക്കുന്ന ഭാഗം അതെ സമയം തന്നെ ശ്രവിക്കുവാന് കൂടി സഹായിക്കുന്ന ഓഡിയോ ഇന്റഗ്രേഷന് ഈ ആപ്പിന്റെ മാത്രം സവിശേഷതയാണ്. കൂടാതെ സമാന്തര ഇംഗ്ലീഷ് പരിഭാഷയും (Parallel English Bible), വാക്യങ്ങൾ ഹൈലൈറ്റ് ചെയ്യാൻ ഉള്ള ഓപ്ഷൻ, നോട്ടുകൾ ആഡ് ചെയ്യാൻ ഉള്ള ഓപ്ഷൻ, സോഷ്യൽ മീഡിയ ഷെയർ ബട്ടൻസ് എന്നീ സവിശേഷതകൾ ഈ ആപ്പിൽ ലഭ്യമാണ്. നിലവിൽ വിൻഡോസ് ഡെസ്ക്ടോപ്പ്, മാക്, ലിനക്സ്, iOS (Apple iPhone/iPad), ആൻഡ്രോയിഡ്, ബ്രൌസർ (ഓൺലൈൻ റീഡർ) എന്നിങ്ങനെ വിവിധ ഫോർമാറ്റുകളിൽ ലഭ്യമാണ്.

LIKE US ON FACEBOOK FOR UPDATES
https://fb.me/MalayalamBible.info

GET IT ON Google Play | Download on the App Store | Download for Windows

www.MalayalamBible.info
www.FreeBiblesIndia.com

# BMCC GET TOGETHER 2017



ബ്രദർ ജേക്കബ് ജോർജ്
ഡോ. പി.സി. എബ്രഹാം
ബ്രദർ സണ്ണി തോമസ്
ബ്രദർ ജോർജ് ജോസഫ്
ബ്രദർ ഉമ്മൻ ജോൺസൺ
പാസ്റ്റർ പി.എൽ തങ്കച്ചൻ

# ക്യാമ്പ് പ്രവർത്തനങ്ങളിൽ നിറസാന്നിദ്ധ്യം...

## എജി ചർച്ച്, ബഹ്റിൻ





ബഹ്റിൻ എജി സഭയുടെ ഇവാഞ്ചലിസം ടീമിന്റെ നേതൃത്വത്തിൽ ഡിസംബർ 25 വൈകിട്ട് 7.15 മുതൽ 9.30 വരെ ഹിദ്ദിലുള്ള BIW ന്റെ ഫുഡ്ബാൾ ഗ്രൗണ്ടിൽ വച്ച് ക്രിസ്തുമസിനോടനുബന്ധിച്ച് ഒരു ഓപ്പൺ എയർ ഗോസ്പൽ മീറ്റിംഗ് അനുഗ്രഹമായി നടന്നു. വിവിധ ഭാഷക്കാരായ 7000 -ൽ അധികം താമസക്കാർ ഉള്ള ഈ അക്കോമഡേഷനിൽ നിന്നും 3500 ൽ അധികം പേർ പ്രസ്തുത മീറ്റിംഗിൽ പങ്കെടുത്തു. ഇവാഞ്ചലിസം ഡയറക്ടർ ബ്രദർ ജേക്കബ് ജോർജ്, സഹോദരന്മാരായ ഷിബു സാമുവൽ, ഷൈനു വർഗ്ഗീസ് എന്നിവരോടൊപ്പം 70 പേരടങ്ങുന്ന എജി ഇവാഞ്ചലിസം റ്റീമിന്റെ സജീവമായ പങ്കാളിത്തവും കഠിനപ്രയത്നവും ഇത്രയധികം വ്യക്തികൾ നിർമ്മല സുവിശേഷം കേൾക്കുവാൻ കാരണമായി ഭവിച്ചു. പാസ്റ്റർ പി.എം. ജോയി മുഖ്യസന്ദേശം നൽകിയ മീറ്റിംഗിൽ ബ്രദർ ഷൈനു വർഗ്ഗീസ്, ലാലു സന്ദേശവും ഒപ്പം മലയാളം ഹിന്ദി പരിഭാഷയും നിർവ്വഹിച്ചു. ബ്രദർ ബിജോ ബാബുവിന്റെ നേതൃത്വത്തിൽ ബ്രദർ മാത്യു, ബ്രദർ രാജേഷ്, സിസ്റ്റർ ഷെർലി, സിസ്റ്റർ കെസിയ ഡേവിസ് എന്നിവരടങ്ങിയ ഗായകസംഘം മനോഹരങ്ങളായ നേപ്പാളി, ഹിന്ദി, തമിഴ്, മലയാളം, തെലുങ്ക് ഗാനങ്ങൾ ആലപിച്ചു. സഹോദരന്മാരായ ജേക്കബ് വി ജോർജ്, ബിനു മാത്യു, റോയി കെ.സാമുവേൽ, സഭാസെക്രട്ടറി ബ്രദർ തോംസൻ എബ്രഹാം എന്നിവരോടൊപ്പം അസോസിയേറ്റ് പാസ്റ്റർ തോമസ് കുര്യനും ശ്രമകരമായ ഈ ദൗത്യത്തിന്റെ വിജയത്തിനായി പരിശ്രമിച്ചു.



HH Studio



Congratulations

Middle East Pentecostal Church (MEPC) presented Toppers Awards for the 12th Standard (CBSE) among the member churches.

**ANJO BOB ANIL**
(94% marks from Science) &

**SARA SUSAN BOBBY**
(86.4% marks from Commerce), with their trophies. Both are from Bahrain Sharon Fellowship Church.

# തിരശ്ശീലക്കപ്പുറം 1



ജിജോ അങ്കമാലി

പൂക്കൾ വിരിയും വാടും, ഇലകൾ തളിരിടും കൊഴിയും, സൂര്യൻ ഉദിക്കും അസ്തമിക്കും, മനുഷ്യൻ ജനിക്കും മരിക്കും. ഉത്ഭവമുള്ള ഏതിനും അവസാനവുമുണ്ട്. ഉയർന്ന ഏത് തിരശ്ശീലയും താഴും. ജനനത്തോടെ ഉയർത്തപ്പെടുന്ന മനുഷ്യജീവിതം എന്ന തിരശ്ശീലയും ഒരുനാൾ ഒട്ടും പ്രതീക്ഷിക്കാതെ താഴും. എത്രനാൾ ആ തിരശ്ശീല ഉയർന്നു നിൽക്കുമെന്ന് ആർക്കും മുന്നറിയാനാകില്ല. എന്നും ഉയർന്നുതന്നെ നിൽക്കണം എന്നതാണ് മനുഷ്യാശ. പക്ഷേ അതല്ല ദൈവവിധി. “ഒരിക്കൽ മരിക്കയും” (എബ്രാ.9:27) എന്നതാണ് ദൈവനിശ്ചയം. എന്നാൽ അത് അവസാനമല്ല പിന്നയോ അവസാനത്തിന്റെ ആരംഭമാണ്. അതുകൊണ്ടാണ് “പിന്നെ” എന്ന പദത്തോടുകൂടെ അതേ വാക്യം തുടർന്നെഴുതുന്നത്. അതാണ് തിരശ്ശീലക്കപ്പുറമുള്ള മരണാന്തരജീവിതം.

മരണത്തെ ഭയപ്പെടുന്നവരും പ്രത്യാശയോടെ നോക്കികാണുന്നവരുമുണ്ട്. ലൂയിസ് പതിനഞ്ചാമന്റെ കൊട്ടാരത്തിൽ മരണമെന്ന വാക്ക് ഉച്ചരിക്കാൻ പോലും അനുവദിച്ചിരുന്നില്ല. എന്നാൽ ശരീരം വിട്ട് കർത്താവിനോടുകൂടെ വസിപ്പാൻ അധികം ഇഷ്ടപ്പെട്ടവനായിരുന്നു പൗലോസ് ( 2 കൊരി.5:8).

മരണത്തെക്കുറിച്ച് ആദ്യം പറഞ്ഞതും അവസാനം പറഞ്ഞതും ദൈവം താൻ തന്നെയാണ്. “തിന്നുന്ന നാളിൽ നീ മരിക്കും” (ഉൽ.2:17). ഇത് ഒന്നാം മരണം. വെളി.21:8-ൽ രണ്ടാം മരണ പ്രഖ്യാപനവുമുണ്ട്. മനുഷ്യന്റെ ആദ്യദിനം തന്നെ ദൈവം മരണചിന്ത ഇട്ടുകൊടുത്തു. മരണം എന്താണെന്ന് ആദാമിന് അറിയില്ലെങ്കിലും ദൈവം പറഞ്ഞു “നീ പൊടിയാകുന്നു പൊടിയിലേക്ക് തിരികെ ചേരും” (ഉൽ.3:19). ആദം ആദ്യം കണ്ടത് സ്വന്തമകന്റെ മരണമായിരുന്നു. ശൗലിനെ രാജാവായ് അഭിഷേകം ചെയ്തശേഷം ആദ്യം പറഞ്ഞയച്ചത് റാഹേലിന്റെ കല്ലറക്കരികിലേക്കാണ് (1 ശമു.10:2). കാരണം മരണത്തെക്കുറിച്ച് ശരിയായ അറിവും ഉൾബോധവുമുള്ള ഒരാൾക്കേ ശരിയായ് ജീവിക്കാനും ഭരിക്കാനും കഴിയുകയുള്ളൂ.

***റോമാലേഖനത്തിലെ മൂന്ന് പദപ്രയോഗങ്ങൾ ശ്രദ്ധേയമാണ്.***

***1. മരണം കടന്നു - 5:12***

***2. മരണം പരന്നു - 5:12***

***3. മരണം വാണു - 5:14***

അതിഥിയെപ്പോലെ കടന്നുവന്ന മരണം ആതിഥേയനെപ്പോലെ പരന്ന് രാജാവിനെപ്പോലെ വാണു. ആ വാഴ്ച ഇന്നും തുടരുകയാണ്. ബിൽദാദ് മരണത്തെ വിശേഷിപ്പിച്ചത് “ഘോരരാജാവ്” എന്നാണ് (ഇയ്യോ. 18:14). മരണം വാഴുന്ന ലോകത്തിലാണ് നാം ജീവിക്കുന്നത് എന്ന തിരിച്ചറിവ് ഗുണം ചെയ്യും. എന്നാൽ മരണത്തിനും ഒരു മരണമുണ്ടെന്ന് തിരുവെഴുത്ത് തീർത്ത് പറയുന്നു. “ഇനി മരണം ഉണ്ടാകയില്ല” (വെളി. 21:5).

## *ത്രിത്വ ഘടനാ സിദ്ധാന്തം (Trichotomous Theory):-*

ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ ദൈവത്തിന്റെ സ്വസ്വരൂപത്തിലും സാദൃശ്യത്തിലുമാണ് സൃഷ്ടിച്ചത് എന്ന് ഉൽ. 1:26 -ൽ വായിക്കുന്നു. ഇത് ബാഹ്യസ്വരൂപമല്ല, സാദൃശ്യവുമല്ല പിന്നെയോ, ആന്തരിക സ്വരൂപവും സാദൃശ്യവുമാണ്. കാരണം ദൈവം ആത്മാവാകയാൽ തനിക്ക് ദൃശ്യരൂപം ഇല്ല. എന്നാൽ വ്യക്തിത്വമുണ്ട്. മൂന്ന് ആളത്വങ്ങളുള്ള ഏകദൈവത്തെപ്പോലെ മൂന്ന് ഘടകങ്ങളുള്ളവനായിട്ടാണ് മനുഷ്യനെ സൃഷ്ടിച്ചത്. ദേഹം, ദേഹി, ആത്മാവ്.

പ്രപഞ്ചബോധം നൽകുന്ന സ്ഥൂലശരീരമാണ് ദേഹം. പഞ്ചേന്ദ്രിയങ്ങൾ ഇതിന് ഉപകരിക്കുന്നു. എന്നാൽ ബുദ്ധിശക്തിയും, ഇച്ഛാശക്തിയും, വികാരവും ഇഴുകിചേർന്ന സൂഘശരീരമാണ് ദേഹി. പ്രാണൻ, മനസ് എന്നീ പകരപദങ്ങളും ഉപയോഗിക്കാറുണ്ട്. എന്നാൽ ദൈവീകബോധം നൽക്കുന്നതും ദൈവവുമായ് ബന്ധപ്പെടാൻ സഹായിക്കുന്നതുമായ ഒന്നാണ് മനുഷ്യന്റെ ആത്മാവ്.

എന്നാൽ രസകരമായിരിക്കുന്ന കാര്യം എന്നു പറയുന്നത്, ദൈവവുമായ് ബന്ധപ്പെടാനുള്ള ആത്മാവിനെ ഒഴിച്ചു നിർത്തി ദേഹത്തിലൂടെയും ദേഹിയിലൂടെയും ദൈവത്തെ കണ്ടെത്താനും അറിയാനും മനുഷ്യൻ ശ്രമിക്കുന്നു എന്നുള്ളതാണ്. ദേഹം കൊണ്ട് “ദൈവത്തെ തപ്പിനോക്കി കണ്ടെത്തുമോ എന്നുവച്ചു അന്വേഷിക്കുന്നു”(പ്രവ.17:27). ദേഹിയിൽ ഉൾക്കൊള്ളുന്ന ബുദ്ധിയുപയോഗിച്ചു ഗവേഷണ പരീക്ഷണങ്ങളിലൂടെ ദൈവത്തെ അറിയാൻ ശ്രമിക്കുന്നു. ഇച്ഛാശക്തികൊണ്ട് ധ്യാനത്തിലൂടെ അദൃശ്യ ലോകവുമായ് ബന്ധപ്പെടാൻ ശ്രമിക്കുമ്പോൾ ഭക്തിപ്രകടനങ്ങളാകുന്ന വികാരത്തിലൂടെ ദൈവത്തെ കണ്ടെത്താനും മനുഷ്യൻ ശ്രമം ചെയ്യുകയാണ്. എന്നാൽ ദൈവവുമായ് ബന്ധപ്പെടാൻ ദൈവം മനുഷ്യനിൽ തന്നെ വച്ചിട്ടുള്ള ഘടകമാണ് ആത്മാവ്. മനുഷ്യന് ആത്മാവിനെ നൽകിക്കൊണ്ട് ഓരോ മനുഷ്യനും ദൈവത്തോട് പ്രതിബദ്ധത ഉണ്ടെന്ന് ദൈവം ഉറപ്പാക്കുന്നു.

## *ആത്മാവെന്ന ബ്ലാക്ക്ബോക്സ്:*

ആത്മവ്യൂഹം എന്ന ഡോ.എ.പി.ദാനിയേലിന്റെ പുസ്തകത്തിൽ താൻ ആത്മാവിനെ വിശദീകരിക്കാൻ 17 കാരണങ്ങൾ നിരത്തുന്നുണ്ട്. അതിൽ മനുഷ്യശരീരത്തിലെ “ബ്ലാക്ക്ബോക്സ്” എന്നാണ് ആത്മാവിനെ താൻ വിശേഷിപ്പിച്ചിരിക്കുന്നത്. വിമാനത്തിലെ യന്ത്രസംവിധാനമാണ് ബ്ലാക്ക്ബോക്സ്. വൈമാനികരുടെ സകല സംഭാഷണങ്ങളും, അതുപോലെ തന്നെ, വിമാനത്തിന്റെ വ്യത്യസ്ത ഭാഗങ്ങളുടെ പ്രവർത്തനക്ഷമതയും ഈ ബ്ലാക്ക്ബോക്സ് അതാതുസമയം റെക്കോർഡ് ചെയ്തു സൂക്ഷിക്കുന്നു. അപകടം ഉണ്ടായാൽ ബ്ലാക്ക്ബോക്സിലെ കോഡുകളെ കമ്പ്യൂട്ടർ അനിമേറ്റഡ് വീഡിയോ ചിത്രങ്ങളാക്കി മാറ്റി സൂക്ഷ്മനിരീക്ഷണം നടത്തി വിമാനത്തിന്റെ അപകടകാരണം കണ്ടുപിടിക്കുന്നു.

അതുപോലെ മനുഷ്യശരീരത്തിൽ ദൈവം നിക്ഷേപിച്ചിരിക്കുന്ന ബ്ലാക്ക്ബോക്സാണ് ആത്മാവ് എന്നാണ് താൻ വിശദീകരിക്കുന്നത്. മനുഷ്യൻ ഉച്ചരിക്കുന്ന എല്ലാ വാക്കുകളും അവന്റെ സകല പ്രവത്തികളും അതാതുസമയം റെക്കോർഡ് ചെയ്തുകൊണ്ടിരിക്കുന്നു. ഒരു അന്തിമ ന്യായവിധി ദിവസമുണ്ട്. അന്ന് മനുഷ്യന്റെ സകല വാക്കും പ്രവർത്തികളും മനുഷ്യാത്മാവാകുന്ന ബ്ലാക്ക്ബോക്സ് വ്യക്തമായി ദൈവമുമ്പാകെ അനാവരണം ചെയ്യും. അതനുസരിച്ച് ദൈവം ന്യായവിധി നടത്തുകയും ചെയ്യും. എത്ര ഭയാനകമായ ചിന്തയാണിത്.

## *ദൈവീക പദ്ധതി:*

ദേഹം, ദേഹി, ആത്മാക്കളോടുള്ള ബന്ധത്തിൽ ദൈവത്തിന്റെ പദ്ധതി അറിയണമെങ്കിൽ ദൈവം വച്ച ക്രമം മനസിലാക്കണം. നമ്മൾ ദേഹത്തെ ആദ്യം നിറുത്തുമ്പോൾ ദൈവം ആത്മാവിനെയാണ് ആദ്യം നിറുത്തുന്നത്. 1 തെസ്സ.5:23-ൽ “ആത്മാവ്, ദേഹി, ദേഹം” എന്നാണ് കാണുന്നത്. ദൈവത്തിനും മനുഷ്യനും മദ്ധ്യത്തിലുള്ള സംവേദന മാധ്യമമാണ് ആത്മാവ്. ഈ ആത്മാവ് ദൈവത്തിൽ നിന്ന് ദൈവീക സന്ദേശങ്ങൾ പ്രാപിക്കണം. ദേഹി ആത്മാവിന് കീഴ്പ്പെട്ടിരുന്ന് ആത്മാവിൽ നിന്നും പ്രാപിച്ചത് ദേഹത്തിലൂടെ പ്രാവർത്തികമാക്കണം. ഇത്തരത്തിൽ ദേഹിയുടെ ഘടകങ്ങളായ ബുദ്ധിയും ഇച്ഛയും വികാരവും ആത്മാവിന് പൂർണ്ണമായ് വിധേയപ്പെട്ട് ദേഹിയെ നിയന്ത്രിച്ചാൽ മനുഷ്യൻ എത്രയോ നന്നാകും. ഇതായിരുന്നു ദൈവീക പദ്ധതിയും പ്രതീക്ഷയും. ഏദനിലെ ജീവിതാരംഭം ഇത്തരത്തിലായിരുന്നു. എന്നാൽ ആദ്യമാതാപിതാക്കൾ തന്നെ ദൈവീക പദ്ധതിയേയും ക്രമത്തേയും തകിടം മറിച്ചു. സ്നേഹവാനായ ദൈവം കുരിശു മരണത്തിലൂടെ രക്തം ചിന്തിയുള്ള പരിഹാരം കണ്ടെത്തി പ്രശ്നം പരിഹരിച്ചു. ആയതംഗീകരിക്കുന്നവർക്ക് ഇന്നും ദൈവീക പദ്ധതി പൂവണിയിച്ച് ജീവിക്കാനാകും. താങ്കളതിന് ഒരുക്കമൊണോ?

HH Studio



Hello Hope Bible Quiz-8 winner Bro. Thankachen V.M
(Manama Brethren Assembly) receives prize from Dr. P.C. Abraham



Hello Hope Bible Puzzle-8 winner Esther Elssa Ani
(Immanuel IPC Bahrain) receives prize from Pr. Thomas Chacko

# എങ്ങിനെയാണ് പ്രാർത്ഥിക്കേണ്ടത്?

HH Sisters' Outlook

***പ്രാർത്ഥന ഒരു ആയുധമാണ്, അസാദ്ധ്യതകളെ സാധ്യമാക്കുന്ന ആയുധം. ജീവിതത്തിൽ ഒരിക്കലെങ്കിലും പ്രാർത്ഥിക്കാത്തവർ ഉണ്ടാകില്ല. മനുഷ്യനോടല്ല ദൈവത്തോടു സംസാരിച്ചു തുടങ്ങുമ്പോൾ നമ്മുടെ ജീവിതത്തിൽ പിന്നീട് ഒന്നും അസാധ്യം ആയിരിക്കില്ല.***

1. തകർച്ചയുടെ നടുവിലും ദൈവത്തെ സ്തുതിക്കാൻ കഴിയണം - ഇയ്യോബിനെപ്പോലെ
2. ചോദിക്കുന്നത് എന്തും ലഭിക്കും എന്ന പ്രതീക്ഷവേണം - അന്ധനെപ്പോലെ
3. ക്ഷമയോടെ കാത്തിരിക്കണം - അബ്രഹാമിനെപ്പോലെ
4. ലഭിച്ചു കഴിഞ്ഞു എന്നു കരുതി പ്രാർത്ഥിക്കണം - ലാസറിന്റെ കുഴിമാടത്തിൽ യേശു പ്രാർത്ഥിച്ചതുപോലെ
5. 'പിടിവാശിയോടെ പ്രാർത്ഥിക്കണം', തന്നോട് മല്ലിട്ട ദൈവദൂതനോട് യാക്കോബ് വാശിപ്പിടിച്ചതുപ്പോലെ
6. കർത്താവിനു മനസ്സ് തോന്നാൻ അപേക്ഷിക്കണം - കുഷ്ഠരോഗി അപേക്ഷിച്ചതുപ്പോലെ
7. കർത്താവ് കടന്നു വന്നില്ലെങ്കിലും അവന്റെ ഒരുവാക്ക് മതിയെന്ന ബോധ്യം - ശതാധിപന്റെ വിശ്വാസംപ്പോലെ
8. നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെടാനായി - തളർവാതരോഗിയുടേത്പ്പോലെ
9. കർത്താവ് കനിയാൻ കാത്തിരിക്കണം - അപസ്മാര രോഗിയുടേതുപ്പോലെ
10. .യേശുവിന്റെ വസ്ത്രത്തിൽ എങ്കിലും തൊട്ടാൽ മതിയെന്ന വിശ്വാസം വേണം - രക്തസ്രാവക്കാരിയുടേതുപ്പോലെ
11. യേശുവിന്റെ വചനംകേട്ടു അവനോടു ചേർന്നിരിക്കണം - മറിയത്തെപ്പോലെ
12. പാപാവസ്ഥ വിട്ടെറിഞ്ഞു ദൈവ പിതാവിന്റെ അടുക്കലേക്കു ചെല്ലണം - ധൂർത്ത പുത്രനെപ്പോലെ
13. ഇടതടവില്ലാതെ പ്രാർത്ഥിക്കണം, ഉത്തരം കിട്ടുന്നതുവരെ തുടരണം - നീതിരഹിതനായ ന്യായാധിപന്റെ അടുക്കൽ നീതി തേടിയ വിധവയുടെ സമീപനംപ്പോലെ
14. യേശുവിനോടു യാചിക്കണം - കാനായിലെ കല്ല്യാണംപ്പോലെ
15. ഉപവസിക്കുകയും വിലപിക്കുകയും ചെയ്ത് പ്രാർത്ഥിക്കണം - നെഹമ്യാവിനെപ്പോലെ



ബ്ലസി സജി

16. ചോദിക്കുമ്പോൾ ദൈവം എന്നെ അനുഗ്രഹിക്കും എന്ന പ്രതീക്ഷവേണം
17. നിർമ്മലരാകണം ശിശുക്കളെപ്പോലെ

ഇങ്ങനെയാണ് നമ്മുടെ പ്രാർത്ഥനയെങ്കിൽ മറ്റൊരു ആത്മീയരുചി ആസ്വദിച്ചു ജീവിക്കാൻ ദിനംപ്രതി ദൈവം സഹായിയ്ക്കും.

# *This is what I Pray...*



Emilyn James

*Lord, I come before you today*
*Not seeking blessings, but just to say.*
*Thank you for all your love and grace*
*Your great concern and gentle embrace,*
*For fulfilling my needs both great and small*
*And picking me up whenever I fall*
*For giving me nothing but the best*
*For all the comfort, peace and rest.*
*Thank you for all that you do for me*
*And for being so patient with me.*
*Search me and know me, this is what I pray.*
*Mould me, dear Father, for I am your clay*
*Teach me to love, just like you do*
*With each passing day, to be simple*
*Not to be arrogant, but to be humble*
*To understand others for who they are*
*And not to judge them from afar*
*To lead a quiet life and follow your light*
*And meditate on your word day and night*
*To grow in the favor of God and men*
*In Jesus name, I pray, Amen*

# കർത്താവിന്റെ ഫോൺ നമ്പർ!





റ്റിന്റു വിവിൻ

'എന്നെ വിളിച്ചപേക്ഷിക്ക, ഞാൻ നിനക്കുത്തരം അരുളും, നീ അറിയാത്ത മഹത്തായയും അഗോചരമായും ഉള്ള കാര്യങ്ങളെ ഞാൻ നിന്നെ അറിയിക്കും' - യിര.33:3

യിരമ്യാവ് കരയുന്ന ഒരു പ്രാവചകനായിരുന്നു. ഏതു സമയത്തും ദൈവത്തെ വിളിച്ചു തന്റെ അവശ്യങ്ങൾ പറയാനായി താൻ ഒരു ഫോൺ നമ്പരും പറയുന്നുണ്ട്. ആ നമ്പരാണ് ഞാൻ മുകളിൽ ഉദ്ധരിച്ച വാക്യം. നമുക്കും ആ ദൈവത്തെ വിളിക്കുകയും ആവശ്യങ്ങൾ പറയുകയും ചെയ്യാം. നമ്മോടു സംസാരിക്കാനായി ദൈവത്തിനും ആഗ്രഹവും ഉള്ളതിനാൽ ദൈവം പറയുന്നു 'എന്നെ വിളിക്കുക'.

മനുഷ്യമനസുകൾക്കു ഗ്രഹിക്കാൻ കഴിയാത്തതിനും അപ്പുറമാണ് സ്വർഗീയ കാര്യങ്ങൾ. എന്നാൽ ദൈവത്തെ യഥാർത്ഥമായി വിളിച്ചപേക്ഷിക്കുന്ന ഒരു വ്യക്തിക്ക് മഹത്തായതും അതിശയകരമായ കാര്യങ്ങളെ കാണിച്ചു കൊടുക്കും. ആകയാൽ നാം ഓരോരുത്തരും പലവിധമായ ജീവിതപ്രശ്നങ്ങളിലൂടെ കടന്നുപോകുന്നവരാണല്ലോ, പ്രവാചകനോടു മാത്രമല്ല നമ്മോടും ദൈവം പറയുന്നു എന്നെ 'വിളിക്കുക' ഞാൻ നിങ്ങളോടുകൂടെ ഇരുന്ന് അത്ഭുതകരമായി വഴി നടത്താം.

ഒരു മകൻ തന്റെ പിതാവിനോടു ആവശ്യങ്ങൾ പറയുന്നതുപോലെ നമുക്കും നമ്മുടെ സ്വർഗീയ പിതാവിനോടു സംസാരിക്കാം. ദൈവത്തെ വിളിച്ചപേക്ഷിക്കണമെങ്കിൽ നാം ദൈവത്തോടു പറ്റിയിരിക്കണം. അവൻ എന്നോടു പറ്റിയിരിക്കയാൽ ഞാൻ അവനെ വിടുവിക്കുമെന്ന് നാം സങ്കീർത്തനം 91-ൽ വായിക്കുന്നുവല്ലോ. ദൈവത്തോടു പറ്റിയിരിക്കുന്നത് എങ്ങനെയാണ്? പ്രാർത്ഥനയിലൂടേയും, ആരാധനയിലൂടേയും, ദൈവവചന പഠനത്തിലൂടേയും നമുക്ക് ദൈവത്തോടു പറ്റിയിരിക്കാം. ദാവീദ് രാജാവായിരുന്നു എങ്കിലും പറയുന്നു ഞാൻ കാലത്തും ഉച്ചയ്ക്കും വൈകിട്ടും എന്റെ സങ്കടം ബോധിപ്പിച്ചു കരയും.

മോശെയുടെ നേതൃത്വത്തിൽ യിസ്രായേൽ ജനത്തെ കൊണ്ടുവരുമ്പോൾ ചെങ്കടൽ കരയിലും, ശൂർ മരുഭൂമിയിലും, മാറായുടെ അനുഭവത്തിലും, പല ഘട്ടങ്ങളിലും ജനം ദൈവദാസന്മാർക്കെതിരെ, ദൈവത്തിനെതിരെ പിറുപിറുക്കുന്നത് കാണാം. ആ സന്ദർഭത്തിൽ മോശെ ദൈവത്തോടു അടുത്തു ചെന്നു. പിറുപിറുക്കുന്ന ഒരു വ്യക്തിക്ക് ദൈവത്തോടു അടുത്തു ചെല്ലുവാൻ സാധിക്കില്ല. ദൈവത്തെ വിളിച്ചപേക്ഷിച്ച മോശയോടു ദൈവം പറയുന്നു നീ വിശ്വാസത്തോടെ മുന്നോട്ടു പോകുക.

ആകയാൽ ജീവിതത്തിൽ കടന്നുവരുന്ന പ്രതിസന്ധികളിൽ നമുക്ക് ദൈവത്തെ വിളിക്കാം. വിളിക്കാനുള്ള കർത്താവിന്റെ നമ്പർ യിര.33:3 ആണ്. അവൻ ഉത്തരമരുളും. നാം അറിയാത്ത കാര്യങ്ങളെ നമ്മെ അറിയിയ്ക്കും. ദൈവത്തിന് മഹത്വം!

# വിജയകരമായ കുടുംബജീവിതത്തിന്...



സോജം സാം

ദൈവവചനത്തിൽ ഭാര്യഭർത്തൃബന്ധത്തെ ക്രിസ്തുവും സഭയുമായുള്ള ബന്ധത്തോടു ഉപമിച്ചിരിക്കുന്നു. ക്രിസ്തു മണവാളനും സഭ മണവാട്ടിയും എന്നത്, ഭാര്യയും ഭർത്താവും തമ്മിലുള്ള ബന്ധത്തെ കാണിക്കുന്നു. ഇന്ന് സമൂഹത്തിൽ വിവാഹമോചനം വളരെ ശക്തിയാർജ്ജിച്ച് നിൽക്കുന്നു. ദൈവവചനപ്രകാരം എങ്ങനെ വിജയകരമായ ഒരു കുടുംബജീവിതം നയിക്കാം എന്ന് നോക്കാം.

കർത്താവിന്റെ അപ്പൊസ്തൊലനായ പൗലോസ് എഫെസ്യർക്ക് ലേഖനം എഴുതുമ്പോൾ, എഫെ. 5:22-31 വായിച്ചാൽ ഭാര്യ ഭർത്താവിനെ എങ്ങനെ അനുസരിക്കണം, സ്നേഹിക്കണം, ബഹുമാനിക്കണം എന്നും ഭർത്താവും എങ്ങനെ ആയിരിക്കണം എന്നും വ്യക്തമായി പഠിപ്പിക്കുന്നു. 32-ാം വചനം പറയുന്നു ഈ മർമ്മം വലിയത്, ഞാൻ ക്രിസ്തുവിനേയും സഭയേയും ഉദ്ദേശിച്ചത്രേ പറയുന്നത്.

തമ്മിൽ തമ്മിൽ സ്നേഹിക്കാനും കുറവുകളും കുറ്റങ്ങളും തിരിച്ചറിയുമ്പോൾ ക്ഷമിക്കാനും കഴിഞ്ഞാൽ നമുക്ക് വിജയകരമായ കുടുംബജീവിതം പടുത്തുയർത്താൻ കഴിയും. ഇതിൽ സ്ത്രീക്കും പുരുഷനും തുല്ല്യപ്രാധാന്യമാണ് ഉള്ളത്. ഇന്ന് ലോകം നോക്കിയാൽ എവിടേയും സ്ത്രീകളും പുരുഷന്മാരേപ്പോലെ തുല്ല്യപ്രാധാന്യമുള്ളവരായിത്തീർന്നു. എന്നാൽ ദൈവവചനം ക്രിസ്തീയ കുടുംബങ്ങളിലെ ഭാര്യഭർത്താക്കന്മാരെക്കുറിച്ച് എന്തു പറയുന്നു എന്നു നോക്കാം.

ദൈവവചനം അനുസരിക്കുന്ന സ്ത്രീകൾ കുടുംബത്തിൽ നല്ല സാക്ഷ്യം ഉള്ളവരായിരിക്കേണം. ദേശത്തോ സഭയിലോ സാക്ഷ്യം ലഭിക്കുന്നതിനേക്കാൾ പ്രയാസം സ്വന്തകുടുംബത്തിൽ നിന്നും ലഭിക്കുന്നതാണ്. വചനം പഠിച്ചാൽ ക്രിസ്തുവിന്റെ അപ്പൊസ്തൊലനായിരിക്കുന്ന പൗലോസ് 1 കൊരി.11:3-ൽ പറയുന്നു "എന്നാൽ ഏതു പുരുഷന്റേയും തല ക്രിസ്തു, സ്ത്രീയുടെ തല പുരുഷൻ". അപ്പോൾ സമൂഹത്തിൽ എത്ര വലിയ സ്ഥാനം ലഭിച്ചാലും കുടുംബത്തിൽ സ്ത്രീ പുരുഷന് കീഴടങ്ങി ഇരിക്കേണം. പുരുഷനാണ് കുടുംബത്തിന്റെ നാഥൻ എന്നും മറന്നുപോകരുത്.

അപ്പൊസ്തൊലനായ പത്രോസ്, 1 പത്രോ. 3:2-ൽ പറയുന്നു "ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിപ്പിൻ. അവരിൽ വല്ലവരും വചനം അനുസരിക്കാത്തപക്ഷം ഭയത്തോടുകൂടിയ നിങ്ങളുടെ നടപ്പിനാൽ ചേർന്നു വരുവാനിടയാകും". ഈ വചനം നമ്മോട് സംസാരിക്കുന്നത് ഭാര്യമാരുടെ നിർമ്മലമായ നടപ്പ് വചനത്തേക്കാൾ കൂടുതൽ ഭർത്താക്കന്മാരെ സ്വാധീനിക്കും എന്നാണ്. അങ്ങനെ എങ്കിൽ കീഴടങ്ങി ഇരിക്കുന്നത് ഉചിതം തന്നെ അല്ലേ? പലപ്പോഴും കുടംബങ്ങളിൽ ഭാര്യയ്ക്കും ഭർത്താവിനും രണ്ടു തരത്തിലുള്ള സ്വഭാവഗുണങ്ങളായിരിക്കും ഉണ്ടാവുക. ഇതിൽ പലതും പറഞ്ഞ് തിരുത്താൻ കഴിയാറില്ല. പറഞ്ഞാൽ അത് പിന്നെ സ്ഫോടനം സൃഷ്ടിക്കും പരസന്ദർഭങ്ങളിലും. നമുക്ക് തിരുത്താനാകാത്തത് എന്നു മനസിലായാൽ പ്രതികരിക്കാതെ മൗനമായി പ്രാർത്ഥിക്കാൻ തയ്യാറാവുക. കർത്താവ് ഹൃദയത്തോട് ഇടപെട്ട് ഭർത്താക്കന്മാരിൽ മാറ്റം ഉളവാക്കും. നമ്മെ താഴ്മയും, സഹിഷ്ണതയും പഠിപ്പിക്കുന്ന ഒരു പാഠശാലയാണ് കുടുംബജീവിതത്തിന്റെ ഏറ്റകുറച്ചിലുകൾ എന്ന് മനസിലാക്കുക. ചില ഭവനങ്ങളിൽ ഭാര്യയുടെ അത്രയും ആത്മീയത ഭർത്താക്കന്മാർക്ക് ഉണ്ടാകണം എന്നില്ല. എന്നാൽ വചനപ്രകാരം നാം കീഴ്പ്പെടുകയും ബഹുമാനിക്കുകയും ഭയപ്പെടുകയും വേണം. സൗമ്യതയോടെ, എതിർത്തു നിൽക്കാതെ ഭർത്താക്കന്മാരെ നേടേണ്ടതിനു പ്രാ ർത്ഥിക്കുക (2 പത്രോ.1:4). കർത്താവിന്റെ ദിവ്യസ്വാഭാവത്തിന് നാം കൂട്ടാളികളായിതീർന്നാൽ നമ്മുടെ പ്രാർത്ഥനയ്ക്ക് മാറ്റി എടുക്കാൻ കഴിയാത്ത ഒരു സ്വാഭാവവിശേഷതകളും മനുഷ്യജീവിതത്തിലില്ല.

ഭാര്യാഭർത്താക്കന്മാരുടെ ശമ്പളത്തിന്റെ അടിസ്ഥാനത്തിലായിരിക്കരുത് പരസ്പരം സ്നേഹിക്കാൻ. എന്റെ നിന്റെ എന്ന മനോഭാവം സാമ്പത്തിക വിഷയത്തിലും വരുത്താതെ, നമ്മുടെ എന്ന ചിന്ത എപ്പോഴും എല്ലാകാര്യങ്ങളിലും ഭരിക്കാനിടയാകണം. കുടുംബത്തിൽ ഏതൊരു കാര്യത്തിലും ഐക്യതയോടെ ചിന്തിക്കുവാനും പ്രവർത്തിക്കുവാനും കഴിയണം. പരസ്പരം തങ്ങളുടെ ഭാരങ്ങൾ പങ്കുവെക്കണം. ഇത് തമ്മിലുണ്ടാകുന്ന കുറ്റപ്പെടുത്തലുകളും, ദേഷ്യവും ഒക്കെ കുറയ്ക്കാൻ സഹായിയ്ക്കും. രണ്ടുപേരും ഏത് അവസ്ഥയിലും സാന്തനവും സ്നേഹത്തോടുകൂടെയുള്ള പരിചരണങ്ങളും ആഗ്രഹിക്കുന്നവരാണ് എന്ന് മനസിലാക്കി വേണം ജീവിക്കുവാൻ. പരസ്പരം കുറ്റപ്പെടുത്തലുകളെ ഒഴിവാക്കി സ്വന്തം തെറ്റുകളെ തിരിച്ചറിഞ്ഞ് അത് തിരുത്തി തമ്മിലും ദൈവത്തോടും ഏറ്റു പറയണം. സോറി അഥവാ ക്ഷമിക്കുക എന്ന വാക്ക് കുടുംബജീവിതത്തിന്റെ ദൃഢത വർദ്ധിപ്പിക്കവാനിടയാകും, അത് പറയാൻ മടിക്കരുത്. ഈഗോ ഇല്ലാത്ത, അകൽച്ചകളില്ലാത്ത സ്നേഹബന്ധം കുടുംബത്തിൽ നാം വിചാരിച്ചാൽ നിലനിർത്താൻ കഴിയും. അതിനായി ദൈവം നമ്മെ ഓരോരുത്തരേയും സഹായിക്കട്ടെ!

# ശാശ്വത സമാധാനം

പാസ്റ്റർ പി.എം.ജോയി

(ഒന്നാം പേജിൽ നിന്നും തുടർച്ച)

**3.സഭയുടെ പ്രവർത്തനങ്ങൾ അന്യോന്യമുള്ള സ്നേഹത്തിലൂടെയാവണം:-**

ലേഖനകർത്താവ് പൊന്തോസ്, ഗലാത്യ, കപ്പദോക്യ, ആസ്യ, ബിഥുന്യ മുതലായവ സഭകൾക്കും പരദേശികളായി ചിതറിപ്പാർക്കുന്ന ദൈവജനത്തിനും വന്ദനം അറിയിക്കുന്നു.

റോമാപട്ടണത്തിലുള്ള സഭ:- ബാബിലോണിലെ സഭ എന്നത് ഒരു ഗൂഢഭാഷാ പ്രയോഗമാണ്. അക്കാലത്തു റോമാ സാമ്രാജ്യത്തിൽ ഉടനീളം ക്രിസ്ത്യാനികൾക്ക് വലിയ പീഢയായിരുന്നു. എങ്കിലും തലസ്ഥാന നഗരിയിൽ തന്നെ ഒരു സഭയുണ്ടായിരുന്നു. റോമിലുള്ള സഭയെന്നു പറയുന്നതിനു പകരം ബാബിലോണിലുള്ള സഭ എന്ന് പറയുമായിരുന്നു.

മാർക്കോസ് :- പൗലോസ് അപ്പൊസ്തലന് തിമൊഥെയോസ് മകനായിരുന്നതുപോലെ (1 തിമൊ.1:2) ഇവിടെ പത്രോസ് അപ്പോസ്തലന് മർക്കോസ് മകനായിരുന്നു. അത് അവരുടെ ആത്മാർത്ഥമായ അടുത്ത ബന്ധത്തെ സൂചിപ്പിക്കുന്നു. ഒരു വന്ദനം അറിയിക്കുന്നതിൽ എന്ത് ഇത്ര കാര്യം എന്ന് ചിന്തിച്ചേക്കാം. ഒരു വന്ദനത്തിന് അതിന്റെ വിലയുണ്ട്. ഇപ്രകാരമുള്ള ഒരു വാക്കായിരിക്കാം ദൈവജനത്തെ തമ്മിൽ അടുപ്പിക്കുകയും നമ്മുടെ സ്നേഹം പ്രകടിപ്പിക്കുകയും ചെയ്യാൻ സഹായിക്കുന്നത്.

ഈ ലേഖനം എഴുതി അവസാനിപ്പിക്കുന്നത് 'സ്നേഹചുംബനത്താൽ അന്യോന്യം വന്ദനം ചെയ്യുവീൻ' എന്ന പ്രോത്സാഹന വചനത്താലാണ്. തന്റെ ലേഖനങ്ങളിൽ നാലിടത്ത് പൗലോസ് അപ്പൊസ്തലൻ വിശുദ്ധ ചുംബനത്താൽ അന്യോന്യം വന്ദനം ചെയ്യുവാൻ പറയുന്നു (റോമ.16:16, 1 കൊരി.16:20, 2 കൊരി.13:12, 1 തെസ്സ.5:26).

'കൃപയും സമാധാനവും വർദ്ധിക്കട്ടെ' (1:2) എന്നുപറഞ്ഞുകൊണ്ട് ആരംഭിക്കുന്ന ഈ ലേഖനം അവസാനിപ്പിക്കുന്നതും സമാധാനം ആശംസിച്ചുകൊണ്ടാണ്. വിശ്വാസത്തിന്റെ പരിശോധനയിൽ കൂടി കടന്നുപോകുന്ന, പീഢനം അനുഭവിക്കുന്ന ദൈവജനത്തിനു വേണ്ടി എഴുതിയ ലേഖനം തുടങ്ങുന്നതും അവസാനിപ്പിക്കുന്നതും എത്ര മനോഹരമായ വാക്കുകളാലാണ്! അതേ പ്രിയമുള്ളവരെ, പ്രതികൂലത്തിൽ കൂടി കടന്നുപോകുന്ന നമുക്ക് ആവശ്യമായിരിക്കുന്നത് ദൈവകൃപയും സകല ബുദ്ധിയേയും കവിയുന്ന ദിവ്യസമാധാനവുമാണ്.

പത്രോസ് അപ്പൊസ്തലൻ ഈ സമാധാനം പലപ്പോഴും അനുഭവിച്ചിട്ടുണ്ട്. ഇളകിമറിയുന്ന കടലിലെ വെള്ളത്തിന്മേൽ നടക്കുമ്പോഴും (മത്താ.14:29), കൃപയുടെ ഉറവിടമായ കർത്താവ് തിബെര്യാസ് കടൽ തീരത്തു വച്ച് തന്നെ യഥാസ്ഥാനപ്പെടുത്തിയപ്പോഴും (യോഹ.21:1-19) താൻ ഈ സമാധാനം പ്രാപിച്ചവനാണ്. അതുകൊണ്ട് തന്റെ വായനക്കാർ എല്ലാവരും പരിശോധനാവേളയിലും കൊടുങ്കാറ്റും പെരുങ്കാറ്റും അഭിമുഖീകരിക്കുമ്പോഴും ഈ സമാധാനം അനുഭവിക്കണമെന്നും ആഗ്രഹിക്കുന്നു. നാം രക്ഷിക്കപ്പെടുമ്പോൾ ഈ സമാധാനം ആരംഭിക്കുകയും ഈ ലോകത്തിൽ നമ്മുടെ പരദേശപ്രയാണം കഴിക്കുമ്പോൾ നമ്മുടെ ഹൃദയത്തിൽ സ്ഥിരമായി വളർന്നു വരികയും നിത്യമഹത്വത്തിൽ പ്രവേശിക്കുമ്പോൾ അത് പൂർത്തിയാകുകയും ചെയ്യുന്നു.



HH Artist

Praveen Antony



# Knowledge Cafe

Jijo Angamaly

## BIBLE QUIZ 10

1. ആദ്യയുദ്ധത്തിൽ പങ്കെടുത്ത രാജാക്കന്മാരെത്ര ?
2. നോഹ എത്രവർഷക്കാലം പ്രസംഗിച്ചു എന്ന് രേഖപ്പെടുത്തിയിട്ടുണ്ടോ, ഇല്ലയോ ?
3. ദൈവത്തിന്റെ പെട്ടകം പിടിക്കപ്പെട്ടു എന്നറിഞ്ഞപ്പോൾ മരിച്ചവരെത്ര ?
4. 'ദൈവത്തിന് പ്രിയനായവൻ' എന്ന് വിശേഷിപ്പിച്ചിരിക്കുന്നതാരേ ?
5. റോമ.12:20 – ൽ 'നിന്റെ ശത്രുവിന് വിശക്കുന്നു എങ്കിൽ അവന് തിന്നാൻ കൊടുക്ക, ദാഹിക്കുന്നു എങ്കിൽ കുടിപ്പാൻ കൊടുക്ക' എന്നെഴുതിയിരിക്കുന്നത് അക്ഷരാർത്ഥത്തിൽ പ്രാവർത്തികമാക്കിയ പഴയനിയമ കഥാപാത്രമേത് ?
6. പത്ത് പുത്രന്മാരെക്കാൾ നല്ലവനാണ് എല്ക്കാന. എന്നാൽ പതിനായിരം പേർക്ക് തുല്യൻ എന്ന് വിശേഷിപ്പിച്ചിരിക്കുന്നതാരേ ?
7. ആർക്കെതിരെയാണ് 'മോശെ നമുക്ക് ഏൽപ്പിച്ച മര്യാദകളെ മാറ്റിക്കളയുന്നു' എന്ന് ആരോപിക്കപ്പെട്ടത് ?
8. മരിക്കും എന്ന് ഭയപ്പെട്ട ദിവസങ്ങളിലൊന്നും മരിച്ചില്ല എന്നാൽ മരണഭയം നീങ്ങിപ്പോയി എന്ന് വിചാരിച്ച് സന്തോഷിച്ച ദിവസം കൊല്ലപ്പെടുകയും ചെയ്തു. ആരാണി ഹതഭാഗ്യൻ ?
9. മൂന്ന് മക്കൾക്ക് വീതം വയ്ക്കാനായ് ആറ് കാളവണ്ടി കിട്ടി. അപ്പന്റെ അനുജനാണ് വീതം വച്ചത്. ഒരുവന്റെ കുടുംബത്തിന് രണ്ടും മറ്റൊരുവന്റെ കുടുംബത്തിന് നാലും കൊടുത്തു. എന്നാൽ ഒരു മകന്റെ കുടുംബത്തിന് ഒന്നും കൊടുത്തില്ല. വണ്ടി കിട്ടാതെ പോയ കുടുംബമേത് ?
10. ഒരു ദിവസം മാത്രം ആയുസ്സുണ്ടായിരുന്ന വൃക്ഷം ?

1) How many kings took part in the first recorded battle?
2) Has the Scripture mentioned anything about the number of years Noah preached?
3) How many died when they heard the ark was caught?
4) Who is mentioned as 'the beloved of his God'?
5) Ro 12:20 says, "If your enemy is hungry, feed him; If he is thirsty, give him a drink". Name an Old Testament character who practiced the same .
6) Elkhanah is better than ten sons. Who is worth ten thousand?
7) Who was accused of changing the customs which Moses delivered to Isreal.
8) He did not die when he was in fear of death, but he was killed on the day he thought that the bitterness of death is past?
9) 6 bullock carts were received for distribution. Their uncle took initiative of distribution. He gave 2 to one son's family and 4 to another son's family. But one son did not receive any cart. Name the family who did not receive the cart?
10) Name the tree that lived just for one day.

## PUZZLE 10

**SOLVE THE FOLLOWING**

- *Example: 66 B in the B*
- *Ans: 66 books in the Bible*

1. 7 S on the C
2. 12 S of J
3. 969 Y of M
4. 6 D of C
5. 13 E of P
6. 5 B of J
7. 7 C in A
8. 2 D of KN
9. 3 T of J
10. 10 P of E

**E-mail : hhgulfnews@gmail.com Whatsapp : 00973 38383399**

* ബൈബിൾ ക്വിസിനും പസിലിനും വെവ്വേറെ സമ്മാനങ്ങൾ * ശരിയുത്തരമയക്കുന്ന എല്ലാവർക്കും *HH Appreciation Certificate*


## WINNERS -9

(Through draw out of correct entries)



**Bible Quiz: SHERIN SHINU**

*(St. Thomas Evangelical Church, Bahrain)*



**Puzzle: ABYMOL ABRAHAM**

*(Church of God, Bangalore)*

## ശരി ഉത്തരങ്ങൾ Issue #9, December 2017

### ബൈബിൾ ക്വിസ്

1. 2 Kings 19, Isaiah 37
2. 276, Acts 27:33-37
3. യിശ്മായേൽ, Genesis 21:20
4. ഹന്ന, 1 Samuel 2:21
5. 10,000, Leviticus 26:8
6. ശിമോൻ, Acts 8:10
7. യിരെമ്യാവ് , Jeremiah 15:10
8. പരദേശിയെ, Leviticus 19:33,34
9. 230, Genesis 5:2
10. അബീയാവ് , 1 Samuel 8:2

### Puzzle

1. ABRAHAM
2. DEBORAH
3. NOAH
4. AMOS
5. ENOCH
6. GIDEON
7. HAGGAI
8. ISAIAH
9. JOEL
10. ELIJAH
11. MOSES
12. OBADIAH
13. ZEPHANIAH
14. JEREMIAH
15. DANIEL
16. AARON
17. AZARIAH
18. ELISHA
19. JONAH
20. JESUS
21. BARNABAS

## KINDLY NOTE A FEW IMPORTANT POINTS

*The prime aim behind Hello Hope Knowledge Cafe is to encourage everybody to have a deep knowledge of the Word of God. We are happy to get a great response as we receive hundreds of entries for each issue and the names of those who send correct answers are published accordingly. Quiz Master is dedicating his time and a lot of effort in preparing it. Let us request your attention to the following points upon our feedback:*

1. Kindly do not send answers in the names of your children, if the answers are found by the parents. By doing so, an opportunity for your children to learn the Word of God will be lost. We may also contact the sender in case of doubtful entries for the sake of children.
2. Do not share the answers with others until the next issue comes out.
3. Eventhough, it's fair to discuss with others to find the answers, do not try to copy the answers found by someone else.
4. We were surprised to see forwarded answers without deleting the original names.
5. If we can get appreciation certificate by our faithful acts before God, it will be a great example for others.

## Bible Quiz & Puzzle
### Those who sent correct answers
Issue 9

1. Esther Elssa Ani, Immanuel IPC
2. Alan Ani Abraham, Immanuel IPC
3. Sini Dipin, IPC Bethesda
4. Biji Lal, IPC Bethesda
5. Lizy Varghese, Sharon Fellowship Church
6. Joslin M. Prasad, Sharon Fellowship Church
7. Evelyn Benny, Sharon Fellowship Church
8. Blessyshaiju, Oman Pentecostal Assembly, Muscat
9. Abymol Abraham, Church of God,Kormangala, Bangalore
10. PrincyNidhin, IPC Bahrain
11. KunjumolSajan, Revival Fellowship Church
12. Sam Varghese, The Full Gospel Church of Philadelphia
13. Joel Gomes, The Full Gospel Church of Philadelphia
14. Jessy Jacob, AG Church
15. Ebin Varghese, AG Church
16. Molly Abraham, Church of God, Mukkada, Kottayam
17. Saumya Thomas, Church of God Full Gospel, A'ali
18. Jiji Alex,Church of God, Onnamkutty,Pathanamthitta
19. Shiny S.Simon, AG Church, Neyyattinkara,TVM

## Puzzle Only
### Those who sent correct answers

1. Shibi Varghese, Church of God Full Gospel Prayer Fellowship
2. Bindu Johnson, Church of God Full Gospel Prayer Fellowship
3. Bettina Benny, IPC Bethesda
4. Reshma Jerin, The Full Gospel Church of Suvartha
5. Jemimah James, Gafool Brethren Assembly
6. Litha Santhosh, IPC Shalom
7. Santhosh Thomas, IPC Shalom
8. Ann Thankam Jacob, Manama Brethren Assembly
9. Jency Prince, Sharon Fellowship Church
10. Kesiya Elsa John, Grace Family International Church
11. SherinShaju, Brethren Assembly, Majlis
12. RenittaReji, Bethel Church
13. Tiju Varghese, Bethel Church
14. Manju Kuzhivila Jaison, IPC Bahrain
15. NissySaju, IPC Bahrain
16. Thomas Chacko, Revival Fellowship Church
17. Liya Thomas, Revival Fellowship Church
18. Libi Varghese, AG Church
19. Aksa Mary Mathew, IPC Hebron
20. Nancy Vinay, IPC Hebron
21. Abiel Sunny Johnson, IPC Hebron
22. Ancy Susan Johnson, IPC Hebron
23. Sneha Jane Mathew, IPC Bethel
24. Benita Susan Mathew, IPC Bethel
25. Saira Bindu Mathew, IPC Bethel

## Bible Quiz Only
### Those who sent correct answers

1. Annie Abraham, Immanuel IPC
2. Mary Francis, Immanuel IPc
3.SubyLijo Mathew, CGFG Prayer Fellowship
4. Kunjumol Saji, CGFG Prayer Fellowship
5. BinuBenoy, IPC Bethesda
6. K.Samuel Varghese, IPC Bethesda
7. Litty Anil, IPC Bethesda
8. Alfi B.S, IPC Bethesda
9. RejiPoulose, IPC Bethesda
10. Ambili Thomas, IPC Bethesda
11. Annamma Varghese, IPC Bethesda
12. Lissy Shibu, IPC Bethesda
13. Sini Dipin, IPC Bethesda
14. Bezalel Benny, IPC Bethesda
15. JincyMonsi, Christ Church International
16. Alice George, The FG Church of Suvartha
17. Shiji Roy, TThe FG Church of Suvartha
18. Shainy Shibu, Gafool Brethren Assembly
19. Elvin Harvy John, Gafool Brethren Assembly
20. BlessyLijo, Manama Brethren Assembly
21. Annie Johnson, Manama Brethren Assembly
22. Sali Joseph, Sharon Fellowship Church
23. Metty Shibu, Sharon Fellowship Church
24. Joncy Anil, Sharon Fellowship Church
25. Susan shaji, Gilgal Church of God, Sharjah
26. Sunny John, Bethel Church
27. Job Sunny, Bethel Church
28. JeenaTiju, Bethel Church
29. BlessySaji, Bethel Church
30. Anie Mathew, CGFG, Subhash Nagar, New Delhi
31. Suja Solomon, CGFG, Subhash Nagar, New Delhi
32. Sherija Josh, IPC Parassala
33. Jonathan Jacob, IPC Bahrain
34. Sajini Thomas, IPC Bahrain
35. Jochebed Susan, IPC Bahrain
36. Ani Satheesh, IPC Ebenezer, Pullad
37. Sunil Silvester, Independent Church of God, Alapuzha
38. Geena K.Reji, IPC Bethesda Worship Centre, Erode
39.Bini Bijo, Assembly of Believer Church, Kollam
40.Siji Joy, IPC Thekkumbhagam, Thodupuzha
41.LijiJohny, AG Philadelphia, Naigoan, Maharashtra
42.SuniS.Suku, IPC Tamil Church
43. Glady Shine, IPC Tamil Church
44. Suku Gamaliel, IPC Tamil Church
45. Sandra Ann Mathew, IPC Peniel
46. Sally Mathew, IPC Peniel
47. Janet K>John, IPC Peniel
48. Jessy Anish, Immanuel Church, KSA
49.FebaMariyam Varghese, Immanuel Global Mission, Dublin, Ireland
50. Biji John, IPC Hopeshore
51. Sifi Mary John, IPC Hopeshore
52. Evangel John Siju, IPC Hopeshore
53. Chris Johnson, Bahrain Church of Living God
54. Sindhu Joshi, Bahrain Church of Living God
55. Beula Ravi, Gilgal Church of God
56. Shirley sunny, salmaniya Prayer Goup
57. Minol Johnson, IPC Hebron
58. JishaVivek, IPC Hebron
59. Blessy Vinod, IPC Hebron
60. Seeba Vinay, IPC Hebron
61. Manju Nevin, IPC Bethel
62. Varghese Daniel, IPC Bethel
63. John K.Paul, IPC Abudhabi
64. Simy Joy, IPC West Centre, Thrissur
65. Sabitha Sujith, CGFG, New Delhi



സന്തോഷ് ജോൺസൻ

## അദ്ഭുതങ്ങളുടെ ദൈവം

എത്ര പെട്ടെന്നാണ് ഒരു വർഷം കൂടി കടന്നു പോയത്? കഴിഞ്ഞ ന്യൂ ഇയർ ആഘോഷം ഇന്നലെ എന്നപോലെ കഴിഞ്ഞുപോയി...നടപ്പാക്കാൻ കഴിയാത്ത കുറെ തീരുമാനങ്ങളും, സമർപ്പണങ്ങളും! എന്തൊക്കെയായിരുന്നു നാം ദൈവത്തോട് പറഞ്ഞ വാക്കുകൾ? വല്ലതും ഓർക്കുന്നുണ്ടോ?

പക്ഷേ നാം പറഞ്ഞ വാക്കുകൾ സൗകര്യപൂർവ്വം നാം മറന്നപ്പോഴും ദൈവം വിശ്വസ്തനായി കൂടെ ഇരുന്നില്ലേ ? നമ്മോടു മുൻകൂട്ടി പറയാതെ എത്രയോ നന്മകൾ ദൈവം നമുക്കായി ചെയ്തു കഴിഞ്ഞു. നടക്കാതെ പോയ പ്രവചനങ്ങൾ ഓർത്തു നിരാശപ്പെടുമ്പോൾ ഒരു പ്രവാചകനും പ്രവചിക്കാതെ തന്നെ ദൈവം ചെയ്തുതന്ന നന്മകൾ മറന്നു പോകരുത്. അങ്ങനെയാണെങ്കിൽ വരുന്ന വർഷങ്ങളിൽ ദൈവം എന്തൊക്കെ അത്ഭുതങ്ങൾ ആയിരിക്കും നമുക്കായി കരുതിവെച്ചിരിക്കുന്നത്. നമ്മുടെ ദൈവം അത്ഭുതങ്ങളുടെ ദൈവമാണ്. കണ്ണ് കണ്ടിട്ടില്ലാത്ത, കാത് കേട്ടിട്ടില്ലാത്ത ഒരു മനുഷ്യന്റേയും ഹൃദയത്തിൽ തോന്നിയിട്ടില്ലാത്ത നന്മകൾ, അനുഗ്രഹങ്ങൾ യേശു നിനക്കായ് ചെയ്യാൻ പോകുന്നു. ഇനി നാം കടം വാങ്ങാനിടയാകുകയില്ല, നാം ലജ്ജിച്ചു നടക്കാനിടയാകുകയില്ല, രക്തം പരിശോധിച്ചിട്ടു ലാബുകാർ തന്ന പേപ്പറല്ല നമ്മുടെ ആരോഗ്യം തീരുമാനിക്കുന്നത്. നിന്റെ യൗവ്വനം കഴുകനെപ്പോലെ പുതുക്കപ്പെടാൻ പോകുന്നു. ഒരു നന്മക്കും കുറവില്ലാതെ ദൈവം നമ്മെ നടത്താൻ പോകുന്നു. നമ്മുടെ കുടുംബത്തെ ദൈവം ആദരിക്കാൻ പോകുന്നു. നാം ചിന്തിക്കാത്ത നന്മകൾ നിനക്കായ് ദൈവം ഒരുക്കാൻ പോകുന്നു. ക്രിസ്തുവിൽ നാം ഈ വർഷം പ്രസിദ്ധരാകുവാൻ പോകുന്നു. നമുക്കൊരുമിച്ച് ആമേൻ പറയാം. കർത്താവ് 2018-ൽ എല്ലാവരേയും ധാരാളമായി അനുഗ്രഹിക്കട്ടെ!

## Bible Quiz/Puzzle Terms & Conditions

1. Quiz Master's decision will be final.
2. There is no age limit for participation.
3. **Answers should be received before 25th of every month.**
4. Answers can be sent by e-mail and whatsapp.
5. Kindly send name, photo, church and contact number along with answers.
6. Winners will be selected through a draw in case there are more than one correct entry.
7. Winners name and photo will be published in next issue.
8. Attractive prizes will be awarded to winners.
9. Incomplete answers will not be entertained.
10. Bible Quiz answers should be sent along with reference.

## പ്രത്യേക ശ്രദ്ധയ്ക്ക്

*ഹലോ ഹോപ്പ് ബൈബിൾ കിസും പസിലും നടത്തുന്നതിന്റെ പിമ്പിലുള്ള ലക്ഷ്യം എല്ലാവരും ദൈവവചനം ആഴത്തിൽ പഠിക്കണം എന്നുള്ളതാണ്. നൂറുകണക്കിന് ഉത്തരങ്ങൾ ലഭിക്കുന്നതിൽ നിന്ന് ശരിയുത്തരമയയ്ക്കുന്നവരുടെ പേരുകൾ മാത്രമാണ് പ്രസിദ്ധീകരിക്കുന്നത്. ഓരോ മാസവും വളരെയധികം കഠിനാദ്ധ്വാനവും സമയവും ചിലവഴിച്ചാണ് കിസ്സ് മാസ്റ്റർ ഇത് തയ്യാറാക്കുന്നത്. അടുക്കും ചിട്ടയോടും കൂടെ പഠിച്ചാൽ നിങ്ങൾക്ക് ദൈവവചനം കൂടുതൽ മനസിലാക്കാൻ കഴിയും. എന്നാൽ ഞങ്ങൾക്ക് നേരിട്ട് ബോധ്യപ്പെട്ട ചില കാര്യങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന വസ്തുതകൾ അറിയിക്കട്ടെ:*

1. ***മാതാപിതാക്കൾ ഉത്തരങ്ങൾ കണ്ടുപിടിച്ച് മക്കളുടെ പേരിൽ ദയവായി അയയ്ക്കരുത്. അങ്ങനെ ചെയ്താൽ നിങ്ങൾ തന്നെ നിങ്ങളുടെ മക്കളുടെ ദൈവവചനം പഠിക്കാനുള്ള അവസരം നഷ്ടപ്പെടുത്തുകയാണ്. കുട്ടികളുടെ പേരിൽ വരുന്ന ഉത്തരങ്ങൾ അവരുടെ നൻമയെക്കരുതി ചിലയവസരങ്ങളിൽ അവരെ നേരിട്ട് വിളിച്ച് ഉറപ്പു വരുത്തുന്നതാണ്.***
2. ***നിങ്ങൾ കണ്ടുപിടിക്കുന്ന ഉത്തരങ്ങൾ അടുത്ത ഇഷ്യൂവിൽ പുറത്തു വരുന്നതുവരെ മറ്റുള്ളവരുമായി പങ്കുവെക്കാതിരിക്കുക.***
3. ***കുഞ്ഞുങ്ങളോട്, ഉത്തരങ്ങൾക്കായി ചർച്ച ചെയ്യുകയോ അഭിപ്രായങ്ങൾ ചോദിക്കുകയോ ചെയ്യുന്നത് നല്ലതാണെങ്കിലും കോപ്പിയടിച്ച് ഉത്തരങ്ങൾ ഒരിക്കലും അയയ്ക്കരുത്.***
4. ***മറ്റുള്ളവരുടെ ഉത്തരങ്ങൾ ഫോർവേഡ് ചെയ്യുമ്പോൾ മനസിലാക്കാനായി കഴിയും. കാരണം അവരുടെ പേരുപോലും മാറ്റാതെയാണ് ഞങ്ങൾക്ക് ഫോർവേഡ് ചെയ്യുന്നത്.***
5. ***നാം ദൈവസന്നിധിയിൽ വിശ്വസ്തരായി സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കിയാൽ അത് അനുകരിക്കേണ്ട മാതൃകയായി മറ്റുള്ളവർക്കും അനുഭവപ്പെടും.***



Anil Thomas

# Identity Crisis

**Tip Off...**
**Advice from Sunday School Uncle**

Dear children,
Wish you all a wonderful Christ centered New Year

Teen identity crisis is the biggest strategy, the enemy uses against young Christians to distract them from achieving their destiny in the Lord. He makes thing that are not godly look normal. Then confuses and entice you all away from a life style worthy of our King Jesus Christ.

When you are affected with the form of self-doubt, rejection, depression, insecurity, fear or anger, it shows that you are in identity crisis. So remember these are the tactics that enemy uses against God's people. Such times read Bible and meditate on it to identify the plans of God in your life.

Moses had an identity crisis. So he made a decision that cost him 80 years of his life. Moses cut himself of from a promising career as a Pharaoh, instead he wanted to do what God had made him to do.

When your identity is not rooted in Christ, it becomes like leaves on a tree blowing in whichever direction the wind takes them. You all need to know that your identity does not have to be unstable but it can be completely grounded in the One who created you, loves you and gives you the purpose of life. So find the open arms of Jesus and resting in who He is –"The Great I am". The act of finding won't take long for Jesus is ever present regardless of our acknowledgement.

*Ephesians 2:10, declares that we are God's master piece. He has created us with a purpose, so that you will gain stability, self-worth and confidence.*

*"There was no identity crisis in the life of Jesus Christ. He knew who He was. He knew where He had come from, and why he was here. And he knew where He was going. And when you are that liberated, then you can serve."Howard G. Hendricks*




# പുതുവത്സര കേക്ക്



സൂസമ്മ കുര്യൻ

### *ആവശ്യമുള്ള സാധനങ്ങൾ*

കിസ്മിസ് - 1/2 കപ്പ്
റെയ്സിൻസ് - 1/2 കപ്പ്
മുട്ട - 1
പഞ്ചസാര - 1 കപ്പ്
മൈദ - 2 കപ്പ്
വെണ്ണ - 3/4 കപ്പ്
ഉപ്പ് - 1/4 റ്റീ സ്പൂൺ
ചുക്കു പൊടി - 1 റ്റീ സ്പൂൺ
കറുവാപ്പട്ട പൊടി - 1 റ്റീ സ്പൂൺ
ജാതിക്കാ പൊടി - 1 റ്റീ സ്പൂൺ
ഗ്രാമ്പൂ - 1/2 റ്റീ സ്പൂൺ
സോഡ - 1 റ്റീ സ്പൂൺ
ബേക്കിംഗ് പൗഡർ - 2 റ്റീ സ്പൂൺ
വാൾനട്ട് - 1/2 കപ്പ്

### *പാചകം ചെയ്യുന്ന വിധം*

കിസ്മിസും, റെയ്സിൻസും 1 കപ്പ് വെള്ളത്തിൽ 5 മിനിറ്റു വേവിക്കുക (തിളക്കരുത്). പഞ്ചസാരയും, വെണ്ണയും നന്നായി അടിച്ചശേഷം മുട്ട അടിച്ചതും ചേർക്കുക. ഇളം ചൂടോടെയുള്ള മുന്തിരിങ്ങകളും ചേർക്കുക.

മൈദയും, ബേക്കിംഗ് പൗഡറും സോഡയും ഉപ്പും ചേർത്ത് നന്നായി ഇടയുക. ബാക്കി പൊടികളും, വാൾനട്ടും ഈ മിശ്രിതത്തിൽ ഇളക്കി ചേർത്തശേഷം വെണ്ണ കൂട്ടിലേക്ക് ഇട്ടു കൈ കൊണ്ടു നന്നായി യോജിപ്പിക്കുക. ഈ കൂട്ടിനു കട്ടി തോന്നുന്നെങ്കിൽ അൽപ്പം പാൽ കൂടി ഒഴിച്ചു കൊടുക്കാം. ഒരു മണിക്കൂർ ബേക്ക് ചെയ്യുക. ഐസിംഗ് ചെയ്തശേഷം ഉപയോഗിച്ചാൽ നന്നായിരിയ്ക്കും.

# ദൈവിക സന്ദേശങ്ങൾ നിറയുന്ന ഗാനങ്ങളുമായി...

## ഗ്രഹാം വർഗീസ്

*(ഒന്നാം പേജിൽ നിന്നും തുടർച്ച)*

ലോകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ട് എന്നാൽ ലോകത്തെ ജയിച്ച യേശു മഹേശൻ വേഗത്തിൽ വന്നു നിൻ കണ്ണുനീർ തുടയ്ക്കും എന്ന ഗാനമാണ് താൻ ആദ്യം എഴുതിയത്. അത് ഈണത്തോടുകൂടെ രചിക്കുവാൻ ദൈവം സഹായിച്ചു. രാജാധി രാജനെ ദേവാധി ദേവനെ എന്ന ഗാനമാണ് എഴുതിയതിൽ അവസാന ഗാനം.

സ്ഥലം സഭയ്ക്ക് വളരെ പ്രാധാന്യം കൊടുക്കുന്ന കർത്തൃഭൃത്യൻ കുടുംബമായി ദുബായിയിൽ പാർത്തുകൊണ്ട് സഭയോട് ചേർന്നുള്ള ശുശ്രൂഷകളിൽ വ്യാപൃതനായിരിക്കുന്നതോടൊപ്പം ക്ഷണിക്കപ്പെടുന്ന ഇടങ്ങളിൽ കർത്താവിന്റെ സാക്ഷിയായും മുന്നോട്ടു പോകുന്നു.

സ്വന്ത അഭിപ്രായങ്ങൾ മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കാനുള്ള ഉപാധിയായി ക്രിസ്തീയ പ്രസിദ്ധീകരണങ്ങൾ മാറുന്ന ഈ കാലത്ത് ക്രിസ്തുവിന്റെ ഭാവം ഉള്ളവരായി അനുദിനജീവിതത്തിൽ ബലഹീനതയിൽ തികഞ്ഞുവരുന്ന കൃപയിലാശ്രയിച്ച് മുന്നേറാൻ, കൃപാസനത്തിനടുത്ത് ചെല്ലാൻ ഈ 2018 -ൽ ഹലോ ഹോപ്പിനും എല്ലാ വായനക്കാർക്കും കഴിയട്ടെ എന്ന് അദ്ദേഹം ആശംസിച്ചു.



*ഗ്രഹാം വർഗീസും കുടുംബവും*

## കർത്താവിൽ നിദ്ര പ്രാപിച്ചവർ



**JINCY (32)**
Eruthippatt, Nellad, Thottapuzha
(Sister of Bro. Johnson
Sharon Fellowship Church, Bahrain)

**THANKAMMA OONNUNNI (86)**
Ebenezer, Thekketheri, Pattazhi
(Mother of Bro. Ponnachan, IPC Bahrain)





**PONNAMMA GEORGE (88)**
Pallatharyil, Padanilam, Nooranad
(Mother of Bro. George Jacob, IPC Bahrain)

**Pastor M.P BABY (73)**
Cherukol Mannavilayil, Pandalam
(F/o Pastor Sam C. Baby
Carmel AG, Dubai)




## പരസ്യമായി പങ്കുവെക്കാൻ കഴിയാത്ത പ്രാർത്ഥനാ വിഷയങ്ങളുമായി നിങ്ങൾ ഭാരപ്പെടുന്നുവോ?

ദൈവഹിത പ്രകാരം ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണെങ്കിൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം.

എന്നാൽ നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവൻ നിങ്ങളുടെ വിഷയങ്ങളിൽ തീർപ്പുകൽപ്പിക്കും.

**Prayer Cell**

0973 3838 3399
0973 1787 71 71
hhgulfnews@gmail.com

പ്രാർത്ഥനാവിഷയങ്ങളും വ്യക്തികളേയും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.


## തക്ക തുണ

### HH Matrimonial

Seeking suitable alliance for Christian Pentecostal girl (25/5.5)software engineer from parents of Pentecostal spiritual,qualified,boys working in India or abroad.
Tel: +973 36630896
+91 9744708849

Seeking suitable alliance for Christian Pentecostal (IPC) girl, (26/163, M. com, currently pursuing with SAP course, spiritual) from Parents of Pentecostal, spiritual, qualified boys working in India or abroad.
Tel: 0091 94 96 37 18 90
0091 94 97 65 76 16


## Looking for a Job

**Civil Foreman**
15 years worked in U. A. E
Since 4 year working in Bahrain..
Holding G.C.C. Driving Licence.
Mob: 36457447
E-mail: antonya43@gmail.com

## HH Artist



SHOUN CHACKO SALAJI






STEERING

Managing & Responsible Editor: **Dr. Cherian Mathews**, Chief Editor: **Rajeev Stuvert**, Creative Editor: **Georgekutty Sebastian**
Correspondents: **Roy Mathews, Joju Joseph, Anil Thomas, Shalvi George, Jibin Mathew,** Printed & Published by: Phoenix Publishing House, 2A Princeton, Skyline Ivy League, Kakkanad, Kochi, Kerala, India, Pin 682030 Tel: +91 9947877914
Licence# RNI No.KERMAL/2017/469833/ERN

© Copyright reserved. The concept and content of this publication remain the exclusive property of Phoenix Publishing House and must not be reproduced in any form whatsoever without prior permission. Every effort has been made to ensure the accuracy of the information contained in this publication. However, Phoenix Publishihg House cannot accept legal responsibilty for any error or omission.

Exclusive Gulf Representative
PHOENIX MARKETING & CREATIONS W.L.L
**P.O. Box 10489, Kingdom of Bahrain, Tel: 39336575, hhgulfnews@gmail.com**

For Private Circulation only